186

32D O32:1N77:18 H5 DEEPAVALI PARAMESWARA IYER

MURUGAN BINDING WORKS
NO. 3. BOMMULU[illegible]ER STREET
ELEPHANTGATE [illegible]ADRAS-1.

DOCTRINA VIM PROMOVET INSITAM

MADRAS UNIVERSITY
DEPARTMENTAL LIBRARIES.

Call Number O32:1M77:18 45

Accession Number 176561

Section 32D

This book should be returned on or before the date last marked below.

# ദീപാവലി

32D
0321M77:18
H5

ഉള്ളൂർ

Deepavali - 1946

# ദീപാവലി

ഗ്രന്ഥകർത്താ,

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ.

പ്രകാശകർ,

**ആർ. ററി. പിള്ള ആൻഡ് സൺസ്,**

ചാല, തിരുവനന്തപുരം

വില അണ 12

ഗ്രന്ഥകാരൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

UNIVERSITY LIBRARY 3 Nov. 1956 MADRAS
ULLUR PUBLISHERS TRIVANDRUM JAGATY
Ulloor . S. Parameswara Iyer
P. T. Pillai & Sons
NATIONAL ... KUTTANAD ... KALARIKKAL
...ARTMENTAL LIBRAR...

വിദ്യാവിലാസം പ്രസ്സിൽ അച്ചടിച്ചതു്.

3-ാംപതിപ്പു് കാപ്പി 1000

1121.

032D
176561
032:1M77:18
H5

# അവതാരിക.

---

സന്മാൎഗ്ഗപ്രതിപാദകങ്ങളായ അഞ്ഞൂറു ശ്ലോകങ്ങളുടങ്ങിയ ഒരു കൃതിയാകുന്നു 'ദീപാവലി'. ഈ പുസ്തകത്തിലെ പദ്യങ്ങൾ എല്ലാം അനുഷ്ടുഭ്‌വൃത്തത്തിൽതന്നെ രചിച്ചിട്ടുള്ളവയാകയാൽ അവ സാക്ഷാൽ 'ശ്ലോകങ്ങൾ' തന്നെയാണു് എന്നു പറയേണ്ടതില്ലല്ലോ. ഈ വൃത്തത്തിൽ അനവധി സുഭാഷിതപദ്യങ്ങൾ ആദികവിയായ വാല്മീകിമഹൎഷിയുടെ കാലം മുതല്ക്കുതന്നെ സംസ്കൃതസാഹിത്യത്തിൽ കാവ്യാന്തൎഗ്ഗതങ്ങളായും മുക്തകങ്ങളായും കാണ്മാനുണ്ടു്. അവയ്ക്കു ബാലന്മാരേയും ബാലികമാരേയും സന്മാൎഗ്ഗത്തിൽ നയിപ്പിക്കുന്നതിനുള്ള ശക്തി അല്പമൊന്നുമല്ല; പ്രായം ചെന്നവൎക്കും അവ മുഖസ്ഥമായാലുണ്ടാകാവുന്ന പ്രയോജനം വളരെയുണ്ടു്. അത്തരത്തിലുള്ള പദ്യങ്ങൾക്കു ഭാരതഭൂമിയിലുള്ള അന്യാദൃശമായ പ്രചാരംതന്നെ അവയുടെ ആകൎഷകതയെ പ്രകടമായി തെളിയിക്കുന്നു.

സുഭാഷിതപദ്യങ്ങൾ സങ്ഗ്രഹിക്കുന്ന ശീലം എനിക്കു വളരെക്കാലമായുണ്ടു്. ആ വക പദ്യങ്ങൾ എന്റെ ഉപന്യാസങ്ങളിൽ ധാരാളം ഞാൻ സന്ദൎഭോചിതമായുദ്ധരിക്കാറുമുണ്ടു്. സംസ്കൃതഭാഷ പരിചയമില്ലാത്ത പല കേരളീയരും ആ മാതിരിയിലുള്ള കുറേ പദ്യങ്ങൾ മലയാളത്തിൽ സംക്രമിപ്പിക്കുന്നതു് അഭിലഷണീയമാണെന്നു് എന്നോടു പ്രസ്താവിച്ചിട്ടുള്ളതിനെ അനുസ്മരി

ച്ചാണു് ഞാൻ 'ദീപാവലി'യുടെ രചനയ്ക്കു് ഒരുമ്പെട്ടതു്. ഇരുപത്തഞ്ചു വിഷയങ്ങൾ തിരഞ്ഞെടുത്തു് ഓരോ വിഷയത്തെ അധികരിച്ചു് ഇരുപതീതുപദ്യങ്ങൾ ഞാൻ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തീട്ടുണ്ടു്. ഇവയിൽ ചില പദ്യങ്ങൾ തർജ്ജിമയായും, മററു ചിലവ പൂർവ്വകവികളുടെ ആശയങ്ങളുടെ അനുവാദമായും, വേറെ ചിലവ ആ മാതിരി ആശയങ്ങളിൽ ആധുനികമനഃസ്ഥിതി അനുസരിച്ചു ചില മാററങ്ങൾ വരുത്തിയതായും, ഇനിയും ചിലവ സ്വകപോലകല്പിതങ്ങളായും, മററും വായനക്കാർക്കു് കാണാവുന്നതാണു്. ഇതു് ഒരു സ്വതന്ത്രകവിതയാകണമെന്നു് എനിക്കു് ഒന്നുകൊണ്ടും ഉദ്ദേശമില്ലാത്തതിനാൽ പൂർവ്വസൂരികളുടെ ആശയങ്ങൾ സ്വീകരിക്കുന്നതിൽ ഞാൻ അശേഷം വൈമുഖ്യം പ്രദർശിപ്പിച്ചിട്ടില്ല. അദ്ധ്യേതാക്കൾക്കു നല്ല ആശയങ്ങളടങ്ങിയ പദ്യങ്ങൾ വേണമെന്നേ ആഗ്രഹമുണ്ടായിരിക്കു എന്നെനിക്കറിയാം ; ആ ആഗ്രഹം നിറവേററുവാനല്ലാതെ ഞാൻ മറെറാന്നിനും മുതിന്നിട്ടില്ലാത്തതുകൊണ്ടു് ഈ കൃതി ആത്യന്തം സ്വകപോലകല്പിതമാകേണ്ട ആവശ്യവുമില്ല. 'ദീപാവലി'യിലെ ശ്ലോകങ്ങൾ ചെറുതാണെങ്കിലും അവ പ്രായേണ അർത്ഥസമൃദ്ധങ്ങളും അലങ്കാരരുചിരങ്ങളും ധ്വനിപ്രധാനങ്ങളുമാണെന്നു സഹൃദയന്മാർക്കു ഗ്രഹിക്കുവാൻ കഴിയുന്നതാണു്. ഇതു പ്രാധാന്യേന വിദ്യാർത്ഥികളെ അഭിമുഖീകരിക്കേണ്ട ഒരു ഗ്രന്ഥമാകയാൽ ലാളിത്യാദിഗുണങ്ങളുടെ വിഷയത്തിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. ഇപ്പോൾ സ്വീകരിച്ചിട്ടുള്ള വിഷയങ്ങളിൽ ഓരോന്നിനേയും പററിത്തന്നെ

ഇനിയും അനേകം ശ്ലോകങ്ങൾ തൎജ്ജിമചെയ്യും മററും ചേൎക്കേണ്ടതായും, ഇനിയും പല പുതിയ വിഷയങ്ങളെപ്പററി ധാരാളം ശ്ലോകങ്ങൾ രചിക്കേണ്ടതായുമുണ്ടു്. ഈ പന്ഥാവിൽ എന്റെ ഉപരിപ്രയത്നം ഈ പുസ്തകത്തിനു കേരളീയരിൽനിന്നു ലഭിക്കുന്ന ലാളനത്തെ ഏററക്കുറേ ആശ്രയിച്ചിരിക്കും. ഈ പുസ്തകത്തിലുള്ള പല പദ്യങ്ങളും അനേകം കേരളീയർ കാണാതെ പഠിക്കുകയും സദസ്സുകളിലും ലേഖനങ്ങളിലും പ്രയോഗിക്കുകയും ചെയ്യുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

തിരുവനന്തപുരം,<br>
൧൧൦൦ ചിങ്ങം ൧൫-ാംനു } ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

# വിഷയസൂചി.


| നമ്പർ | വിഷയം | പുറം |
|---|---|---|
| 1. | അവതരണപദ്ധതി | 1 |
| 2. | ശരീരപദ്ധതി | 4 |
| 3. | സൽഗുണപദ്ധതി | 6 |
| 4. | ഉദ്യമപദ്ധതി | 9 |
| 5. | ധനാർജനപദ്ധതി | 12 |
| 6. | ധനോപഭോഗപദ്ധതി | 14 |
| 7. | ദാനപദ്ധതി | 17 |
| 8. | വിദ്യാപദ്ധതി | 19 |
| 9. | പുസ്തകപദ്ധതി | 22 |
| 10. | സത്യപദ്ധതി | 25 |
| 11. | വചനപദ്ധതി | 27 |
| 12. | സമയപദ്ധതി | 30 |
| 13. | ക്ഷമാപദ്ധതി | 33 |
| 14. | സന്തുഷ്ടിപദ്ധതി | 35 |
| 15. | വിനയപദ്ധതി | 38 |
| 16. | സൌജന്യപദ്ധതി | 41 |
| 17. | അഹിംസാപദ്ധതി | 43 |
| 18. | പരോപകാരപദ്ധതി | 46 |
| 19. | ധൈര്യപദ്ധതി | 48 |
| 20. | സജ്ജനപദ്ധതി | 51 |
| 21. | ദുർജ്ജനപദ്ധതി | 54 |
| 22. | സംസർഗ്ഗപദ്ധതി | 56 |
| 23. | മിത്രപദ്ധതി | 59 |
| 24. | ധർമ്മപദ്ധതി | 61 |
| 25. | കാലാവലോകനപദ്ധതി | 64 |

DEPARTMENTAL LIBRARIES
7 DEC 1956
UNIVERSITY ... MADRAS
3 Nov. 1956

# ദീപാവലി

## 1. അവതരണപദ്ധതി

മേഘങ്ങൾക്കിടയിൽത്തങ്ങും-മിന്നൽക്കീറിനു തുല്യമായ്
ദുഃഖമദ്ധ്യത്തിൽ മിന്നുന്നു-തുച്ഛം സ്വാർത്ഥപരം സുഖം.

2

ഒരുത്തൻ നേടുമസ്സൗഖ്യ-മൊട്ടേറെപ്പേർക്കു ദുഃഖദം;
അവനുമസുഖപ്രായ-മപായാഗമശങ്കയാൽ.

3

നരലോകത്തെയിമ്മട്ടിൽ-നാന്മുഖൻ സൃഷ്ടിചെയ്യവേ
കാന്താസഹജമായുള്ള-കനിവാർന്നോതി ഭാരതി.

4

"പ്രാണനാഥ! ഭവൽസൃഷ്ടി-ഭാരത്താലും വികലം ഭൂലോകം;
പതി തീർക്കാനൊരുങ്ങുന്നു-ഭർത്താവിൻ കേടുപാടുകൾ.

5

ധാത്രിയിൽത്തന്നെ മർത്ത്യർക്ക്-ചമയ്ക്കാമലകൊന്നു ഞാൻ,
അപേതശോകവ്യാമോഹ-മഖണ്ഡാനന്ദസുന്ദരം."

6

'കാണട്ടെയത്തു ഞാൻ' എന്നു-കമലാസനനോതവേ
വാല്മീകിമുനിതൻ നാവിൽ-വാണാൾ പോയ്വാഗധീശ്വരി.

7

അനുഭവിപ്പൂ സമസ്തർക്ക്-മന്തന്നിർവൃതിദായകം
അപരിച്ഛേദ്യമാധുര്യ-മാദികാവ്യരസായനം.

8

സുഭാഷിതങ്ങളല്ലാട്ടേറെ-സ്സൂരീന്ദ്രരെത്തുനാൾ മുതൽ
ശ്ലോകരൂപത്തിൽ നിർമ്മിച്ചു-സുഖിപ്പിക്കുന്നു മർത്ത്യരെ.

9

പാരിന്റെ മർമ്മം കണ്ടോര-പ്പരാനുഗ്രഹപണ്ഡിതർ
ശ്ലോകമാം ചിമിഴേകുന്നു-ള്ളലോമർത്ഥസമൂഹമായ്.

10

കാണുവാനില്ല കണ്ണേതും;-കണ്ടാലില്ലറിവാൻ മതി;
അറിഞ്ഞാലില്ല നാവോതാൻ:—അഹോ ! കവികൾ ദുർ
[ല്ലഭർ.

11

നഭോമാർഗ്ഗത്തിലെമ്മട്ടിൽ-നക്ഷത്രങ്ങൾ വിളങ്ങുമോ,
സുഭാഷിതങ്ങളമ്മട്ടിൽ-ശോഭിപ്പൂ കാവ്യവീഥിയിൽ.

12

മനോഹരങ്ങളായോരീ-മഹദ്വാക്യങ്ങളെന്നിയേ
മറെറന്തുള്ളൂ മനുഷ്യർക്ക്-മാർഗ്ഗദീപങ്ങളൂഴിയിൽ ?

13

അദ്ദീപാവലി ഞാനല്പ-മധ്വഗന്മാർക്ക് കാട്ടിടാം;
ഏതാണ്ടിടയ്ക്കു കത്തിക്കാ-മെന്റെയും കൈവിളക്കുകൾ.

14

പാരിൽ മൂന്നുണ്ടു രത്നങ്ങൾ-പാഥ, സ്സന്നം, സുഭാഷിതം;
പൊട്ടക്കല്ലിന്നു നല്കുന്നു-ഭോഷൻ താൻ രത്നമെന്നു
[പേർ.

15

ഭവമാം വേപ്പിൽ മിന്നുന്നു-ഫലം രണ്ടമൃതോപമം;
ഒന്നു സൂക്തിരസാസ്വാദ-മൊന്നു സജ്ജനസങ്ഗമം.

16

സുഭാഷിതത്തൊടൊത്തൊരു-സുഹൃത്തില്ലൊരു മർത്ത്യനും;
പാതയിൽ സഞ്ചരിപ്പിക്കാൻ-പ്രാപ്യസ്ഥാനത്തിലാക്കു[വാൻ.

17

ധർമ്മാധർമ്മങ്ങളെപ്പേർത്തും-തദ്രൂപത്തിൽ ധരിക്കുവാൻ
സുഭാഷിതത്തിൻ സാഹായ്യം-സൂരിക്കും പ്രാർത്ഥനീയമാം.

18

കീർത്തിയും ധർമ്മവും നമ്മൾ-സൂക്തിയും സങ്ഗ്രഹിക്കണം;
ഇല്ല തെല്ലുഴിവെന്നുള്ള-തീമൂന്നിനുമൊരിക്കലും.

19

മുഖം കറുത്തുപോയ് ഹന്ത!-മുന്തിരിങ്ങാപ്പഴത്തിനും;
സുധയും വാനിലേക്കോടീ-സൂക്തിയെക്കണ്ടു ഭീതയായ്.

20

അലങ്കരിക്കും ജിഹ്വാഗ്ര,-മാവശ്യം നിർവഹിച്ചിടും;
ഹരിക്കില്ലന്യരാരും വ,-ത്തനർഘം സൂക്തിഭൂഷണം.

# 2. ശരീരപദ്ധതി.

21

പൂൎണ്ണകാരുണ്യനാമീശൻ-പുരുഷാൎത്ഥങ്ങൾ നേടുവാൻ
നമുക്കീവിഗ്രഹം നല്കീ-നാനാവയവശോഭനം.

22

പ്രപഞ്ചശില്പകാരൻതൻ-പ്രകൃഷ്ടകരകൌശലം
പ്രത്യങ്ഗം പ്രകടിപ്പിപ്പാൻ-പ്രഭാവം പൂണ്ടതിത്തനു.

23

ആത്മാവാം സാൎവ്വഭൌമൻതൻ-ഹൎമ്മ്യം മാനവമാനസം;
ഇന്ദ്രിയങ്ങൾ പടുത്വത്തോ-ടിസ്സൌധം കാത്തിടും ഭടർ.

24

ഏകബന്ധു നമുക്കെന്നു-മീ 'ദേഹം' ലോകയാത്രയിൽ;
ഇതിൻ സുസ്ഥിതിയൊന്നിൽതാ-നിരിപ്പൂ സൎവ്വസിദ്ധിയും.

25

എത്രയ്ക്കെത്രയ്ക്കു സൂക്ഷിക്ക-മിതു നാം നിധിപോലവേ,
അത്രയ്ക്കത്രയ്ക്കു വൎദ്ധിക്കു-മായുരാരോഗ്യവൈഭവം.

26

മൎത്ത്യൎക്കിക്കായമാവോളം-വ്യായാമത്താൽ പ്പുലൎത്തിടാം;
തുരുമ്പിടിച്ച യന്ത്രം താൻ-ഉന്മേഷറ്റുള്ള വിഗ്രഹം.

27

ആക്രമിപ്പതിനാണെത്തു-മാമയാണുക്കളാകവേ
മരിച്ചുപോകും വീഴുമ്പോൾ-വ്യായാമസ്വേദവാരിയിൽ.

28

തന്റെ സർവ്വസ്വവും നൽകാം-സമ്രാട്ടാരോഗ്യമാർന്നിടാൻ;
തന്നാരോഗ്യം കൊടുക്കില്ല-സമ്രാട്ടാവാൻ ദരിദ്രനും.

29

ശരീരസുഖമുള്ളോനു-സന്തോഷം സർവ്വദുഃഖവും;
ദീനപ്പായിൽക്കിടപ്പോനു-തിക്തകം ജീവനാഥയും.

30

മിതഭോഗത്തിൽ നിഷ്കൃഷ്ട,-മൃദുവാകും മനഃസ്ഥിതി ;
സൽകർമ്മരതിയിന്നൂനം-സർവ്വക്കും സൌഖ്യദായകം.

31

'തനിക്കു മാത്രമായല്ലി-ദ്ധാത്രി നിർമ്മിച്ചതീശ്വരൻ;'
എന്ന തത്വം ഗ്രഹിച്ചീടി-ലേവനും മിതഭോഗിയാം.

32

പണ്ടേ ചപലമാം ചിത്തം-പാനത്താൽ ഭ്രാന്തമാക്കൊലാ;
ഏറും കുരങ്ങിന്നേവൻതാ-നേണിവെച്ചു കൊടുത്തിടും ?

33

മദ്യത്താൽ മത്തനാം മർത്ത്യൻ;-മത്തിനാൽപ്പാപിയായിടും ;
പാപത്താൽ നരകം പൂകും ;-പാനം സർവ്വവിപൽപ്രദം.

34

ഉഷസ്സിൽക്കോഴി പൊന്തിക്കു-മോമൽശംഖൊലി കേൾ
[ക്കിലേ
പുണ്യം പ്രതിദിനം നേടൂ-പുമാൻതൻ ശ്രവണേന്ദ്രിയം.

35

കാലത്തുണർന്നു'സൂര്യന്റെ-കതിർപ്പൊന്നലയാഴിയിൽ
മുങ്ങിക്കുളിച്ചിടുന്നീശ്ശ-മറക്കുന്നോനുമിക്ഷിതി?

36

ഉത്ഥാനം ചെയ്യണം നാമു-മുഷ്ണരശ്മിയൊടൊപ്പമായ് ;
പാലിച്ചുകൊൾകയും വേണം-പങ്കം പറ്റാതെ നമ്മളെ.

37

കേരളാംബ വിശുദ്ധിക്കു-കേളികേട്ട നിതംബിനി ;
അദ്ദേവിതന്നപത്യങ്ങൾ-ക്കശുചിത്വം നിരക്കുമോ?

38

വർഷത്തിൽ വിധി രണ്ടുഴം-വർഷാകാലത്തെ നല്കവേ
എങ്ങില്ല തെളിനീർ നമ്മൾ-ക്കെന്നും നിർമ്മലരാകുവാൻ?

39

അശുചിത്വം പെടാത്തോർ താ-നരോഗദൃഢവിഗ്രഹർ,
സൽസംഗമത്തിന്നർഹന്മാർ,-സർവ്വർക്കും പ്രിയദർശനർ.

40

ദേഹം, വസന, മാഹാരം,-ഗേഹം തൊട്ടുള്ളതൊക്കെയും
മാലിന്യമറ്റിരിപ്പോർക്ക്-മനസ്സംശുദ്ധി വന്നിട്ടു.

---

# 3. സൽഗുണപദ്ധതി.

---

41

കായത്തിൻ ഭൂഷണം വസ്ത്രം ;-കയത്തിൻ ഭൂഷണം ജലം;
വാനത്തിൻ ഭൂഷണം സൂര്യൻ ;-മനസ്സിൻ ഭൂഷണം ഗുണം.

42

ഗുണമില്ലാത്ത നരനും-മണമില്ലാത്ത പുഷ്പവും
തിരക്കുകൂട്ടി നില്ക്കുന്നൂ-ഗുണത്തിൻ കിട നേടുവാൻ.

43

ദേഹമാമിഗ്ഗൃഹത്തിങ്കൽ-ച്ചേതസ്സാം സ്വർണ്ണസമ്പുടം
ഗുണരത്നങ്ങളാം സൂക്ഷിപ്പാൻ-ക്രൂരാന്നേകി നമുക്കജൻ.

44

നരൻതൻ സാഹായ്യത്താൽ-നാനാപക്ഷിമൃഗാദികൾ
ജീവിപ്പീലേ ഗുണം നേടി?-ജ്ജന്മനാ ഗുണി താനവൻ.

45

ഗുണമെന്തേയവൻ ഹൃത്തിങ്കൽ-ക്കുടിവെയ്ക്കാതിരിക്കുമോ,
സേവനനൎഘബീജങ്ങ-ളായുർവിത്തബലാദികൾ.

46

ഗുണത്തിനത്രേ മാഹാത്മ്യം,-കുലത്തിന്നല്ല കേവലം;
പൂവിൽച്ചിലപ്പോൾ കാണ്മീലേ-പുഴപോലും ജനിപ്പ
[തായ്?

47

ഗുണത്തിനത്രേ സൌന്ദര്യം, കോലത്തിന്നല്ല, നിശ്ചയം;
മെയ്മെഴപ്പുള്ള പാമ്പിന്റെ-വേഴ്ചയ്ക്കേവൻ കൊതി
[ച്ചിടും?

48

സൽഗുണത്തിന്നുതാൻ മൂല്യം,-സ്ഥാനത്തിന്നല്ലതെല്ലുമേ;
കമ്പത്തിന്മേലിരുന്നാലും-കാകൻ ഗരുഡനാകുമോ?

49

നേടണം നാം ഗുണംതന്നെ,-നിഷ്ഫലം ഗല്ലഗർജ്ജനം;
കണ്ഠഘണ്ട കൊതിച്ചാരു-കറവപ്പശു വാങ്ങിടും?

50

സൽഗുണത്തിൻ മുഖംവെല്ലു-സഞ്ചരിക്കുന്ന ദുർഗ്ഗുണം
ആച്ഛാദ്യകൊണ്ടതിൻ മേന്മ-യറിയിക്കുന്നതത്ഭുതം.

51

ആത്മാവിൻമുന്നിൽനാണംകൊ-ണ്ടധോവദനനാകുവോൻ
വാനംമുട്ടെ ഞെളിഞ്ഞാലും-വാമനൻ; മശകം; കൃമി.

52

ശുശ്രൂഷയെപ്പിൻതുടൎന്നീടും-വിദ്യ; ദാനത്തിനെപ്പുകൾ;
സമൃദ്ധ്യമതെസ്സമ്പത്തു;-സൽഗ്ഗുണത്തെ പ്രമോദവും.

53

അന്നെബ്ഭക്ഷിക്കുവാൻ വേണ്ട-ശക്തിയില്ലാതിരിപ്പവൻ
വാച്യനും ശോച്യനും അന്നെ-വസുധാനാഥനാകിലും.

54

പഞ്ചേന്ദ്രിയങ്ങൾ നമ്മൾക്കു-പരിചാരകരാകവേ
അവയ്ക്കു ദാസ്യം നാം ചെയ്താൽ-ഹാസ്യമെന്തതിനപ്പുറം?

55

കാമം സാധുവിനൎത്ഥത്തിൻ-കൈങ്കൎയ്യത്തിൽക്കഴിഞ്ഞിടും;
കാൽക്കീഴമൎത്തിടും ധൎമ്മം-കാമാൎത്ഥങ്ങളെ നിത്യവും.

56

വിത്തമെങ്ങോ കിടക്കട്ടെ;-വൃത്തത്തെക്കാത്തുകൊള്ളണം;
വിത്തം പോയാൽ വരും വീണ്ടും;-വൃത്തം പോയതു പോ
[യതാം.

57

മേധ വേണം പഠിച്ചീടാൻ:-ധൈൎയ്യം ശത്രുതടരാട്ടുവാൻ;
അൎത്ഥം ഭോഗം ഭുജിച്ചീടാൻ:-ആൎക്കും ഗുണികളായിടാം.

58

ഗുണമാകുന്ന പോർച്ചട്ട-ഗുണിതൻ മേനി കാത്തിടും;
പാപങ്ങൾക്കഭയം നല്കും;-പാഴക്കാടൽ വളൎത്തിടും.

59

ചെവിക്കചെവിയായ് ലോകം-ശ്രവിക്കും ഗുണിതൻ
[ഗുണം;
കാററിൻവഴിക്കു പ്രാഞ്ഞീടും-കൈതപ്പൂമണമെങ്ങുമേ.

60

മററുള്ള നേട്ടം യാതൊന്നും-മരിച്ചാൽക്കൂടെവന്നിടാ;
വാരുററ സൽഗുണം മാത്രം-വാസനാരൂപമായ് വരും.

---

# 4. ഉദ്യമപദ്ധതി.

---

61

ആശിച്ചാൽപ്പോര യാതൊന്നു,-മാജ്ജിപ്പാനുദ്യമിക്കണം;
ക്രൂരം വലിച്ചിട്ടും സിംഹം-കൊമ്പനെത്തിന്മതെങ്ങനേ?

62

ഉറുമ്പും മെല്ലവേ പോയാ-ലൊട്ടേറെ വഴി പോയിടും;
അനങ്ങിടാഞ്ഞാൽത്താർക്ഷ്യനു-മക്കിടപ്പിൽക്കിടക്കണം.

63

ഉദ്യമിപ്പവനെത്താങ്ങു-മോടിവന്നലർമങ്കയാരം;
ചെററനങ്ങാതിരിപ്പോനെ-ച്ചേററയിൽച്ചേട്ട ചേർത്തിടും.

64

ഊണിന്നു രുചിയുണ്ടാവി,-ല്ലാരക്കം ദൂരെ വിട്ടുപോം;
അകാലമൃത്യുവശനാ-മലസൻ ഹതജീവിതൻ.

65

വിധിക്കു നരനോടില്ല-വീര്യം കാട്ടീടുവാൻ തരം,
സത്വം ഹരിപ്പാൻ മൻക്രൂട്ട-ത്തിന്ദ്രിയെത്താതിരിക്കുകിൽ.

66

ദാരിദ്ര്യമാം പിശാചിന്റെ- സദനദ്വാരമേവനും
തന്ദ്രിതൻകൈയിലുള്ളോരു-താക്കോൽകൊണ്ടു തുറന്നിടൂ.

67

ബലമററ ശരീരത്തെ-പ്പേർത്തും രോഗം ഗ്രസിച്ചിടും;
ആലസ്യത്തിലമിഴ്ന്നോനെ-യാപത്തടിമയാക്കിടും.

68

ലജ്ജയും ഭയം തീർന്ന്-പാദം മുന്നോട്ടു വെയ്ക്കുവാൻ
അഭ്യാസത്തിന്റെ സാഹായ്യ-മവശ്യം വേണമന്വഹം.

69

വേലയ്ക്കായ് വിധി നല്കുന്നു-വെളിച്ചമിയലും പകൽ,
ഇടയ്ക്കു വിശ്രമിച്ചീടാ-നിരുട്ടുള്ളോരു രാത്രിയും.

70

അശുഭാഗമനത്രസ്ത-ന്നഹസ്സെന്നും തമിസ്രയാം;
ശുഭാപ്തി കാത്തിരിപ്പോനോ-സൂര്യനുണ്ടുരാവിലും.

71

മുറയ്ക്കു ലാക്കിൽപ്പാഞ്ഞെത്താം-മുന്നോട്ടേക്കു കുതിക്കുകിൽ;
കൈകെട്ടിനിന്നാൽ നിന്നീടാം;-കാലം വന്നവഴിക്കു
[പോം.

72

ആരു കണ്ടു? ജയം നമ്മൾ-ക്കടുത്തനിമിഷം വരാം;
അല്ലെങ്കിലായുരന്തത്തി-ലാകട്ടേ; ഹാനിയെന്തതിൽ?

73

തന്നെത്താനുദ്ധരിക്കേണം;-തന്നെത്താൻ ശത്രുതാനുമേ;
താൻതന്നെയാകും തൻബന്ധു;-താൻതന്നെ പരി
[പന്ഥിയും.

74

ഉത്സാഹം രിപുവാം മിത്ര-മാലസ്യം മിത്രമാം രിപു;
വിദ്യ നഞ്ഞാകുമമൃതം,-തൃഷ്ണ പീയൂഷമാം വിഷം.

75

ഉണർന്നെഴുന്നേററോജസ്സോ-ടുദ്യമിക്കുന്നവൻ പുമാൻ;
ശ്വസിക്കുന്ന ശവം മാത്രം-സ്വപ്നം കണ്ടു കിടപ്പവൻ.

76

സ്രഷ്ടാവു ചെയ്തു തൻ കൃത്യം-ദേഹം നമ്മൾക്കു
[നല്കവേ;
ഉരുളയ്ക്കുരുളയ്ക്കൂട്ടാ-നുഴറുന്നീല തൽകരം.

77

പൌരുഷം സേചനം ചെയ്തേ-ഫലിക്കൂ ദൈവമാം ദ്രുമം;
ഒററച്ചക്രക്കറെക്കുത്തി-ലോടുന്നീലൊരുവണ്ടിയും.

78

ദൈവത്തെക്കാത്തിരിക്കാതെ-തേടണം നാം സാമർത്ഥ്യം;
വേലചെയ്യാം നമു,ക്കീശൻ-വേണമെങ്കിൽ ഫലം തരും.

79

ഏതുഭാരം വഹിപ്പാൻ നാം-യതിക്കുന്നു യഥാർത്ഥമായ്,
അബ്ഭാരത്തോടു താങ്ങീടു-മായിരം ദേവർ നമ്മളെ.

80

ഉന്നതിപ്പുറത്താം വിഘ്നങ്ങ,-ളുൾക്കരുത്തോടുയർന്നിടാം;
ഉത്സാഹിയൊരുനാൾ സ്വാമി-യുഴിക്കും ത്രിദിവത്തിനും.

# 5. ധനാൎജ്ജനപദ്ധതി.

---

81

നാലുണ്ടുപുരുഷാൎത്ഥങ്ങൾ-നമ്മൾക്കാൎജ്ജിച്ചിടേണ്ടതായ്;
ആ മേടതന്നടിത്തട്ടാ-ണൎത്ഥം സൎവ്വപ്രയോജനം.

82

ആൎക്കു വേണ്ടെന്നു വെച്ചീടാ-മന്നവസ്ത്രഗൃഹാദികൾ?
അൎത്ഥം കൂടാതെ ജീവിപ്പാ-നജൻ തീൎത്തീല മൎത്ത്യരെ.

83

അൎത്ഥവൃക്ഷം തഴയ്ക്കാനു-മൎത്ഥബീജം മുളയ്ക്കണം;
ധൎമ്മകാമാൎജ്ജനം പിന്നെ-ദ്ധനമില്ലായ്കിലെങ്ങനെ?

84

വായുവിൽപ്പോയ് ലയിക്കുന്നു-വാക്കുമൎത്ഥം ഭജിക്കവേ,
വൎഷം നൂറു കഴിക്കേണ്ട-മനുഷ്യന്നതു വേണ്ടയോ?

85

പരോക്ഷമാകും നരകം-പ്രത്യേകം കണ്ടിടേണ്ട നാം;
പ്രത്യക്ഷമതു വാഴ്വിലേ-പാരിൽദ്ദാരിദ്ര്യരൂപമായ്?

86

പൂ വിരിപ്പൂ ധനാഢ്യന്നു-ഭൂമി രഥ്യയിലെങ്ങുമേ;
മുടക്കിനില്പൂ നിസ്സ്വന്നു-മുൾനിരത്തിപ്പുരോഗതി.

87

വനം ഗ്രസിക്കും വഹ്നിക്കു-ബാഹ്യപ്രാണൻ സമീരണൻ;
കൃതാന്തൻ കൈവിളക്കിന്നു;-കൃശനോടാൎക്കു സൌഹൃദം?

88

നിധിയൊന്നതുളുന്നുണ്ടു-സേവിക്കുന്നോൎക്കു ദുൎഗ്ഗതി;
അവൎക്കഖിലരും ദൃശ്യ,-രദൃശ്യരവൎക്കുമേ.

89

ആശക്കിടാങ്ങളോരോന്നാ-യന്തരിക്കെ,യകിഞ്ചനർ
അവർ ചെയ്‌വൂ കണ്ണീരാ-ലൗർദ്ധ്വദേഹികമാം ബലി.

90

"കൊടാതെ ഞാനായ്ത്തീരൊല്ലേ!-കൊടുത്തങ്ങായ്ഭവി
[ക്കണേ!"
ദരിദ്രൻ ധനിയോടോതും-'ദേഹി'ക്കർത്ഥമിതാം ദൃഢം.

91

ഭൃതിയെന്തിനു മർത്ത്യന്നു?-പുമാനായ്, ത്തല പൊക്കുവാൻ;
കണ്ടവന്റെ പടിക്കൽപ്പോയ്-ക്കൈമലർത്താതിരിക്കു
[വാൻ.

92

കമലേ! ഭവതിക്കേവൻ-കടാക്ഷാതിഥിയാകുവോൻ,
അശേഷജനജിഹ്വയ്ക്കു-മവൻ സർവ്വജ്ഞാനാന്വിതൻ.

93

ഹിരണ്യഗർഭൻ വേധസ്സ്;-ലക്ഷ്മീശൻ പുരുഷോത്തമൻ;
മേരുചാപൻ ശിവൻ; വാഴ്‌വൂ-മൂർത്തിത്രയവുമിങ്ങനേ.

94

വിത്തവാനെബ്ഭജിക്കാത്ത-വിദ്വാനേവൻ ധരിത്രി
[യിൽ?
സർവ്വജ്ഞനേയും കാണ്മൂ നാം-ധനദോപാന്തസേവി
[യായ്.

95

കപാലി തലയിൽത്താങ്ങും ഗംഗ രത്നാകരത്തിനെ
തേടിപ്പോകുന്നു; ധനിതാൻ-ദേവതൌഘത്തിനും പ്രിയൻ.

96

നരന്നടിമയല്ലെത്തും-നരൻ തുല്യവപുർദ്ധരൻ;
സ്വാമിയും ദാസനും മന്നിൽ-സ്വാപതേയപ്രകല്പിതർ.

97

അധമ്മമായ് ധനം നേടൊ,-ല്ലതുകൊല്ലുതനന്തമായ്;
തത്താപമീരണ്ടുമോമ്മിപ്പാൻ-ധനം നിന്ദിപ്പു സത്തുകൾ.

98

അഴകുണ്ടാം ശരീരത്തി-ന്നാഹ്ലാദം ഹൃത്തിനേറിടും;
അന്തസ്സു വായ്ക്കും വംശത്തി,-ന്നൎത്ഥവാനെന്തലഭ്യമായ്?

99

ദൈവോപഹതരാമാരും-തേങ്ങിത്തേങ്ങിക്കരഞ്ഞിടും;
കണ്ണീരു തനിയേ തോരും-കാശെണ്ണിപ്പെട്ടിപൂട്ടിയാൽ.

100

തനിയേ വന്നു വീഴില്ല-ധനം നമ്മുടെ പാണിയിൽ;
വിലയായ് നല്കണം മെയ്തൻ-വേർപ്പുമുത്തുകൾ
[മേല്ക്കുമേൽ.

---

## 6. ധനോപഭോഗപദ്ധതി.

---

101

ധനികർ മാത്രമായൂഴി-ച്ചമയ്ക്കാൻ വിധിയോൎക്കുകിൽ
വളരെട്ടുഗ്ഗ്രതക്കെന്തേ-വായും വായും വയറുമേകുവാൻ?

102

ധൂർത്തടിച്ചു തുലയ്ക്കൊല്ലേ-ദുർല്ലഭം വിത്തസഞ്ചയം;
കറവപ്പശുവിന്നേവൻ-കഴുത്തിൽക്കത്തിവെച്ചിടും?

103

ഗുണവാനാവതിൽബ്ഭേദ-മിരക്കാൻ പാള കുത്തിടാം;
അവന്നതേന്താനില്ലേ ര-ണ്ടാമം വെയ്ക്കാത്ത പാണികൾ?

104

ചൊട്ടപ്പാൺനീണ്ട വയറിൽ-ച്ചോറെത്രയ്ക്കു ചെലു
[ത്തിടാം?
ആറടിപ്പൊക്കമാം മെയ്യി-ലാടയെത്രയ്ക്കു ചുററിടാം ?

105

കിഴ് പോട്ടേക്ക പതിക്കാതെ-ഗേഹമെത്രയ്ക്കുയർത്തിടാം?
ഭാര്യതൻ മേലലങ്കാര-ഭാരമെത്രയ്ക്കു കേററിടാം ?

106

ആത്മഭോഗത്തിനാധിക്യ-മപാകമധികം ധനം ;
അഗ്നിക്കേകുന്ന നിർവാണ-മാവശ്യാതീതമിന്ധനം.

107

പിശുക്കു നല്ലതല്ലാക്കം,-പേർത്തും ദീപാളിവെയ്ക്കലും;
രണ്ടററത്തും സുഖം പോരാ ;-രഥ്യതാൻ മധ്യമേ ശുഭം.

108

മൃത്യു ചാടി ഗ്രസിപ്പീല-മിതാഹാരന്റെ വിഗ്രഹം;
വെടിയുന്നീല താ[illegible]മങ്ക- മിതവ്യയനികേതനം.

109

മിതഭോഗത്തിനായ് വേണ്ടും-വിത്തം മാത്രം സുധോപമം;
അപ്പുറം വൃദ്ധമായ് തങ്ങു-മർത്ഥം കാകോളസന്നിഭം.

110

നിതാന്തം മോഹവും ഭീയും-നിദ്രാനാശവുമാർത്തിയും
ഏകമർത്ഥമനർത്ഥം താൻ-ഹൃദയത്തിൻ മഹാമയം.

111

ഇന്ദ്രിയങ്ങൾ മുകരംകൊള്ളു,-മിഷ്ടർ മാററലരായിടും ;
ചോരൻ തുരങ്കം വെച്ചീടും ;-സുതനും പിതൃഘാതിയാം.

112

ചാടിപ്പറന്നു പറഞ്ഞീടും-താരാർമാതെന്ന തത്തയെ
ഗുണബന്ധത്തിനാൽ വേണം-കൂട്ടിലാക്കിയിണക്കുവാൻ.

113

മലക്കറി, ഖലപ്രീതി,-വാനിലെക്കൊണ്ടലിൻ നിഴൽ
യൌവനം ധനമീയഞ്ചു മെത്രകാലം ഭുജിച്ചിടാം?

114

ഐശ്വര്യമത്തന്നു കൈ കാണാം;-രൂപമത്തന്നു ദർപ്പണം;
വിദ്യാമത്തന്നു ജിഹ്വാഗ്രം;-ജാത്യന്ധൻ വിത്തഗർവ്വിതൻ.

115

ആക്കട്ടെത്ത ഗദം നീങ്ങി-യവന്നക്ഷി തെളിഞ്ഞിടാൻ
ദൈവം കനിഞ്ഞു ചെയ്യേണം-ദാരിദ്ര്യാഞ്ജനലേപനം.

116

കാരുണ്യബാഷ്പം വീഴ്ത്തില്ല-കദര്യനൊരു നേരവും;
അതിന്റെ കണമോരോന്നു-മവനൽക്കൃഷ്ടമൌക്തികം.

117

പിശുക്കൻ രാവിലെണ്ണുന്നു പെട്ടിയിൽപ്പെട്ട ചില്ലികൾ;
നക്ഷത്രാഖ്യങ്ങളാം തങ്ക-നാണയങ്ങൾ ദരിദ്രനും.

118

പെട്ടിയിൽപ്പെട്ടിടും കാശാൽ-പ്പിശുക്കൻ ധനിയാകുകിൽ
മേരുവാലത്തിലും ധന്യൻ-മേദിനീവാസി ദുർഗ്ഗതൻ.

119

കാലധർമ്മത്തിൽ മർത്ത്യന്നു-കാശൊന്നും കൂടെ വന്നിടാ;
വെറുംകൈയോടവൻ ചെന്നു-വീണിടേണം ചിതാഗ്നി
[യിൽ.

120

താൻ വിട്ടപോയ സമ്പത്തു-സന്താനങ്ങൾ തുലയ്ക്കുവേ
പരലോകത്തിൽ നിന്നശ്രു-പാഴിൽ വീഴ്ത്തും മിതംപചൻ.

# 7. ദാനപദ്ധതി.

121

അർത്ഥവാൻ തന്റെയർത്ഥത്തി-ലല്പാംശത്തിന്നു താൻ [പതി;
ചെമ്മേ കാക്കുന്നു നിസ്സ്വർക്കായ്-ശേഷം, ന്യാസം കണക്കവൻ.

122

നല്ല കാലത്തിലർത്ഥം നാം-നല്കിയാൽ നഷ്ടമെന്തതിൽ?
ദുഷ്കാലമാകിലോ പിന്നെ-ച്ചോദിക്കേ,ണ്ടതു നല്കുവാൻ.

123

താൻ പണിപ്പെട്ടു നേടീട്ടും-തനിക്കന്യന്നു ഭോഗ്യമായ്,
അന്യർക്കുതകാത്തുള്ളൊ-രർത്ഥംകൊണ്ടെന്തു താൻ ഫലം?

124

നിധി കാക്കുന്ന ഭൂതങ്ങൾ,-ഖജനാവിന്റെ ഗാട്ടകാർ,
കേദാരചഞ്ചാരൂപങ്ങൾ,-കൃപണന്മാർ നരാധമർ.

125

ഉടഞ്ഞുപോകും മററുള്ളൊ-രുണ്ടികക്കടയൊക്കെയും;
നീണാൾ വർദ്ധിക്കും നിക്ഷേപം-നിസ്സ്വന്റെ കരസമ്പുടം.

126

വേർപെട്ടതന്നെ പോകേണം-വിത്തമെപ്പൊഴുതെങ്കിലും;
നഷ്ടമെന്തതു നാം പിന്നെ-നന്മട്ടിൽച്ചെലവാക്കിയാൽ?

127

പാത്രത്തെ നോക്കിത്താൻ വേണം-പ്രതിപാദിക്കുവാൻ [ധനം;
അരോഗന്നല്ല നല്കേണ്ട-താതുരന്നല്ലോരൗഷധം.

128

ക്ഷുത്തു മുന്നോട്ടു പായിപ്പൂ-ലജ്ജ പിന്നോട്ടു, മങ്ങനെ
നടുക്കണ്ടിങ്ങുഴന്നയ്യോ! നരകിക്കുന്നു ദുസ്ഥതൻ.

129

'ദേഹി'യെന്നോതിടുന്നോന്റെ-ദൈന്യദുഃഖം ധരിക്കുകിൽ
ഹൃത്തുള്ളോർ—വിത്തമോ സാരം?—മസ്തകം പ്രാണങ്ങൾ [കൂടിയും.

130

'ദേഹി'യാം വാക്കൊടൊന്നിച്ചു-ദീനനുയിർവെളിക്കു [പോം;
കണ്ണും വഴി തിരിച്ചെത്തും-കാതിന്റെയൊലി കേൾക്കു [കിൽ.

131

സ്വയമുത്തമനേകുന്നു;-ചോദിച്ചേകുന്നു മധ്യമൻ;
ചോദിച്ചീടിലുമേകാത്തോൻ-ക്ഷുദ്രൻ മനുജഗർദ്ദഭം.

132

നമസ്കാരം! നിനക്കെന്റെ—നാവേ! കാലകരത്തിൽ നീ
നരകോൽഘാടനത്തിനു-നാസ്തികുഞ്ചിക നല്കൊലാ.

133

താൻ, തൻകുടുംബം, ബന്ധുക്കൾ,-സഖാക്ക,ളുന്നയായി [കൾ,
ഇവർക്കുപോയ് ബാക്കിവിത്ത-മിരപ്പോർക്കെന്തു നല്കി [യാൽ?

134

ഉച്ചപ്പട്ടിണി വാഴ്വോനൊ-രുരുളച്ചോറു നല്കുവാൻ
മേരുവാകണമോ മർത്ത്യൻ?-വിത്തംപോലെ വിസർജ്ജനം.

135

ധീരന്നു വശമാം ലക്ഷ്മി;-ശ്ശൂരന്നു വശമാം ജയം;
ജ്ഞാനിക്കു വശമാം മോക്ഷം;-ത്യാഗിക്കു വശമാം പുകൾ.

136

കോഴിക്കും മല്ലുതട്ടീടാം;-കുരുവിക്കും പഠിച്ചിടാം;
അന്യന്നു ധനമാരേകു-മവൻ ശ്ശൂര,നവൻ ബുധൻ.

137

തരക്കേടുകളെന്തെല്ലാം-ദാതാവിൽക്കൂടികൊൾകിലും
ദാനാംബുവിൻ പ്രവാഹത്തിൽ-ത്തനിയേ മാഞ്ഞുപോ [യിടും.

138

ദാതാവിൻ മുന്നിൽ വീഴുന്ന-ദരിദ്രന്റെ മുദശ്രുവാൽ
കുളിക്കുന്നു തപിക്കുന്ന-കുംഭിനിക്കു ഹൃദന്തരം.

139

സർവസ്വവും സന്ത്യജിച്ചു-ചാകും ലുബ്ധൻ ബഹുപ്രദൻ;
വാനിലും ചെ,ന്നതോടൊത്തു-വാഴും ത്യാഗി മിതംപചൻ.

140

പൃഥു ദാനത്തിനാൽ നേടീ-പയ്യും കല്ലും മരങ്ങളും;
ദാതാവിനത്രേ മാന്യത്വം;-ദാനം ചെയ്യുക! ചെയ്യുക!!

---

# 8. വിദ്യാപദ്ധതി.

---

141

വിത്തമെന്തിനു മർത്ത്യന്നു-വിദ്യ കൈവശമാകുകിൽ?
വെണ്ണയുണ്ടെങ്കിൽ നറുനെയ്-വേറിട്ടു കരുതേണമോ?

142

വിദ്യ വിട്ടുനടന്നാമോ-വിശ്വംഭരയിൽ വാഴുവാൻ?
ആയുധം കയ്യിലേറാത്തോ-നടരാടുന്നതെങ്ങനേ?

143

വിദ്യയാം പ്രാണനേവനു-വേർപെട്ടു നിലകൊള്ളുമോ
സമ്പത്തും മററുമവനു-ശവം ചാർത്തിന മാലകൾ.

144

അജ്ഞനായ്ജീവിതം പോക്കാ-നാൾക്കു ധാർഷ്ട്യമുദിച്ചിടും;
വാലും കൊമ്പും വെടിഞ്ഞുള്ള-മഹിഷം തന്നെയപ്പുമാൻ.

145

കാണേണ്ടതൊന്നും കണ്ടീടാ;-കേൾക്കേണ്ടുന്നതു കേട്ടിടാ;
ഓതേണ്ടതോതിടാ; മേവു-മജ്ഞനന്ധഡമൂകനായ്.

146

മേനിയെത്രതടിച്ചാലും-വിദ്യാഹീനൻ വെറും തൃണം;
മറി,ച്ചുരു ചടച്ചാലും-മനീഷിയമൃതാശനൻ.

147

മണിയും ചരലും കല്ലു;-മർത്ത്യർ വിജ്ഞനുമജ്ഞനും;
ഔജ്ജ്വല്യത്തിൻ പ്രഭാവത്താ-ലറിവൂ വേർതിരിച്ചു നാം.

148

പുറങ്കണ്ണു തുറപ്പിപ്പൂ-പുലർവേളയിലംശുമാൻ;
അകക്കണ്ണു തുറപ്പിക്കാ-നാശാൻ ബാല്യത്തിലെത്തണം.

149

അന്നമേകുന്നവൻ മോദ-മപ്പോൾ മാത്രമണച്ചിടും;
ആജീവനാന്തമാനന്ദ-മരുളും വിദ്യനല്കുവോൻ.

150

കൊണ്ടുപോകില്ല ചോരന്മാർ;-കൊടുക്കുന്തോറുമേറിടും;
മേന്മ നൽകും മരിച്ചാലും;-വിദ്യതന്നെ മഹാധനം.

151

അമ്മയെപ്പോലെ വളർത്തീടും,-മച്ഛനെപ്പോലെ ഹിതം തരും;
വേളിക്കൊപ്പം സുഖിപ്പിക്കും; വിദ്യ സർവ്വാർത്ഥസാധകം.

152

തൻവീട്ടിലജ്ഞനും പൂജ്യൻ;-തൻനാട്ടിലരചാളുവോൻ;
വിദ്യാസമ്പന്നനാരാധ്യൻ-വിശ്വത്തിങ്കലശേഷവും.

153

പഠിക്കണം നാമോരോന്നു-ബാല്യംതൊട്ടു നിരന്തരം;
പഠിത്തം മതിയാക്കീടാം പ്രാണൻ മേനി വിടുന്ന നാൾ.

154

പിശുക്കാൽപ്പിഴകും ലക്ഷ്മി;-പേർത്തും ഗർവ്വാൽ സമുന്നതി;
അനഭ്യാസത്തിനാൽ വിദ്യ;-യമർഷത്താൽ വിവേകവും.

155

ബാലൻതൻ വിദ്യയാലൊററ-ബ്ഭവനത്തിന്നിരുട്ടുപോം;
ബാലതൻ വിദ്യയാൽ വായ്ക്കും-പ്രകാശം പലവീട്ടിലും.

156

വൈരമില്ലാകരം തോറും;-മൌക്തികം ശുക്തിയേതിലും;
ചന്ദനം കാനനം നീളെ;-സ്സംഖ്യാവാനേതു ദിക്കിലും.

157

വിദ്യതന്നെ പരം നേത്രം;-ബുദ്ധിതന്നെ പരം ധനം;
ദയതന്നെ പരം പുണ്യം;-ശമംതന്നെ പരം സുഖം.

158

വിശേഷബുദ്ധിയെന്തിന്നു-വിരിഞ്ചൻ മർത്ത്യനേകിനാൻ?
വിദ്യയാൽ ജ്ഞാനമാർജ്ജിപ്പാൻ; ജ്ഞാനത്താൽ മുക്തി
[നേടുവാൻ.

159

അനന്തം വിദ്യയാം സിന്ധു-വായുസ്സത്യന്തഭങ്ഗുരം;
പാരത്തിലെത്തണം താനും-പ്രാപിപ്പാൻ പരമം പദം.

160

അപവർഗ്ഗദമിത്തീർത്ഥ-മാവോളം സേവ ചെയ്തിടാം;
ഒക്കുമിട്ടിസ്സമുദ്രത്തി-ലോടിക്കാം കപ്പലെപ്പൊഴും.

---

## 9. പുസ്തകപദ്ധതി.

---

161

പണ്ടുള്ള പണ്ഡിതശ്രേഷ്ഠർ-പരലോകം ഗമിക്കിലും
പുസ്തകാകൃതി പൂണ്ടിന്നും-ഭൂഷിപ്പിക്കുന്നു ഭൂതലം.

162

കാലം കബളമാക്കീട്ടും-കനിഞ്ഞു രഘുവീരനെ
വാല്മീകിയിന്നും വാഴിപ്പൂ-മഹാരാജാധിരാജനായ്.

163

ഒരൊററയുപകർത്താവാ-മൂഴിക്കെന്നുരചെയ്യുവാൻ
ലേശവും സംശയം വേണ്ട;-ലിപികണ്ടുപിടിച്ചവൻ.

164

വെളുത്ത കടലാസോട്ടു-കറുത്ത മഷി ചേരവേ
പാരിടത്തിന്നു വന്നല്ലോ-മാംഗല്യം സമസ്തവും.

165

മരങ്ങളല്ലേതാൻ നില്പു,-വാനിൽക്കാമിതമേകുവാൻ;
സംഖ്യയററാഴിമേൽക്കാണ്മു,-സൽഗ്രന്ഥാമരശാഖികൾ.

166

മറയ്ക്കില പയോദങ്ങൾ;-വായ്പ്പോൾവില്ല വിധുന്തുദൻ;
ഇജ്ജ്യോതിസ്സുകളാകല്പം-വിദ്യോതിക്കുന്നു രാപ്പകൽ.

167

പേത്തും ശൃങ്ഗാരചാരുത്വം-ബീഭത്സത്തിന്നുമേകുവാൻ
കല്പരീരസസിദ്ധന്മാർ,-കൈപ്പും മധുരമാക്കുവാൻ.

168

ഗ്രന്ഥശാലയ്ക്കകത്തൊന്നു-കേറിയാൽ വാഴ്കയായി നാം,
ആനന്ത്യത്തിൻ മടിത്തട്ടി-ലാനന്ദത്തിൻ തലോടലിൽ.

169

നമ്മൾതൻ ഹൃദയം വിട്ടു-നാമങ്ങെത്തുകിലോടിടും
ഷഡ്പക്ഷസുതരോടൊത്തു-തന്ദ്രീജാഡ്യവധൂധവർ.

170

ജലനങ്ങൾതൻ തുടങ്ങീട്ടു-കാണ്മു ലോകത്തിലൊട്ടുപേർ;
വരിഷ്ഠന്മാർമാത്രംതാൻ-വായ്പൂ പുസ്തകശാലയിൽ.

171

കാലത്തിൻ കൈമുറം പാററി-ക്കളഞ്ഞു പതിരൊക്കയും
തന്നിരിക്കുന്നു നമ്മൾക്കി-ദ്ധാന്യം സർവാങ്ഗപോഷകം.

172

ഓടിച്ചുമാത്രം വായിച്ചാ-ലുള്ളിൽത്തങ്ങില്ലൊരെണ്ണവും,
എന്നും പിഴുതുനട്ടീടി-ലേതു വള്ളി തഴച്ചിടും?

173

ഗ്രന്ഥതല്ലജമോരോന്നും-ക്ലേശിച്ചു വശമാക്കണം;
കണ്ടീല കടലിൻ താഴ്ച-ഹനുമാൻ; കണ്ടു മന്ദരം.

174

പൂഴിയാൽച്ചിത്രവും കാശാൽ-പുസ്തകം വാങ്ങിനോക്കിയാൽ
കലാശാല നമുക്കൊന്നു-കൈക്കലാമവിളംബിതം.

175

ഒരൊററപ്പുസ്തകം കൈയി-ലോമനിപ്പതിനുള്ളവൻ
ഏതു സമ്രാട്ടിനെക്കാളു-മെന്നാളും ഭാഗ്യമാർന്നവൻ.

176

വിജ്ഞരാവാനുപാദ്ധ്യായർ,-വിനോദിപ്പാൻ സുഹൃത്തുക
അന്തഃകരണബന്ധുക്ക-ളാത്മാത്ഥാവേദനപ്രിയർ, [ൾ;

177

വിളിച്ചാൽപ്പാട്ടിൽവന്നീടും;-വേണ്ടെന്നാൽ; ദൂരെനിന്നി
[ടും;
ചോദ്യത്തിനുത്തരം മാത്രം-ചൊല്ലും സൂനൃതരീതിയിൽ.

178 (യുഗ്മകം)

വിശങ്കമിവർ നല്കുന്ന-വിമാനങ്ങളിലേറിയാൽ
പായാം യഥേഷ്ടം നമ്മൾക്കു-പതിന്നാലുലകത്തിലും.

179

തെല്ലൊന്നു വേഴ്ചയായാലി-ദ്ദിവ്യമങ്ഗളവിഗ്രഹർ
സ്മൃതിസത്മത്തിൽ വാഴുന്നു-സിദ്ധി രാപ്പകലേകുവാൻ.

180

ഇവരെസ്സേവ ചെയ്യാം നാ,-മിവർതൻ വാക്കു കേട്ടിടാം;
ഇവർ കാട്ടും വഴിക്കൊത്താ-മീശസന്നിധിയിൽ ക്രമാൽ.

# 10. സത്യപദ്ധതി

181

മനസ്സിലും നാം യാഥാത്ഥ്യം-വാക്കിലും വദനത്തിലും
പ്രവൃത്തിയിലുമെന്നാളും-പരിപാലിച്ചിടേണ്ടവർ.

182

അത്ഥങ്ങൾക്കൊക്കെയും സത്യ-മഗ്രസ്ഥാനത്തിൽ നില്ക്ക
[യാൽ
പണ്ടേ മുതല്ക്കതിന്നേകീ-പരമാത്ഥാഖ്യ പണ്ഡിതർ.

183

നേരേ ലക്ഷ്യത്തിലെത്തീടും-നേരും പകഴിയും സമം:
വളവും പുളവും ചേരും-വ്യാളവും വ്യാജവും സമം.

184

ഉള്ളതുള്ളവിധംമാത്ര-മോതിയാലതു സത്യമാം;
പൊടിപ്പും തൊങ്ങലും മറവും-പുനസ്സൃഷ്ടിക്ക ഭൂഷണം.

185

അനന്തനല്ല താങ്ങുന്ന-താദികച്ഛപമൂത്തിയും;
സത്യദേവത താങ്ങുന്നു-താണുപോകാതെ ഭൂമിയെ.

186

സഞ്ചരിപ്പൂ ജഗല്പ്രാണൻ; തപിപ്പൂ ലോകബാന്ധവൻ;
തണ്ണീർപൊഴിപ്പൂ പർജ്ജന്യൻ:-സത്യദാസർ മഹാശനർ.

187

സാഗരം മന്നിൽ നില്ക്കുന്നു-സത്യം കല്പിച്ച രേഖയിൽ;
താരങ്ങൾ വാനിൽത്തൂങ്ങുന്നു-സത്യം തൂക്കിന രീതിയിൽ.

188

വാക്കന്നുമൊരുപോലോതി-വാഴ്വൂ പക്ഷിമൃഗാദികൾ;
വിശ്വത്തെക്കബളിപ്പിപ്പൂ-വിവിധോക്തിധനൻ നരൻ.

189

അകമേ സാക്ഷിയായ് നിത്യ-മന്തരാത്മാവിരിക്കവേ
അറിയില്ലന്യരെന്നോർത്താ-ർക്ക സത്യം ചൊല്ലിനിന്നിടാം?

190

ദ്വിജിഹ്വാകൃതിയിൽപ്പോലും-ദൈവം തീർത്തീല മർത്ത്യരെ;
അനന്തജിഹ്വരായാലു-മസത്യോക്തി സുദുഷ്കരം.

191

ആദായകരമായാലു-മസത്യത്തെ വെറുക്കണം;
ആശ്ലേഷത്തിന്നണഞ്ഞാലു-മകറ്റേണം പിശാചിനെ.

192

വാണി—സത്യസ്വമയാം ദേവി—വാണിടും രസനാഞ്ചലം
അസത്യമോതിയാൽ, ക്ഷ്വേള-മമൃതാംശു വമിക്കണം.

193

ത്യാഗമില്ലാത്തതാം ഭൂതി;-കാന്തനില്ലാത്ത കാമിനി;
ശമമില്ലാത്തതാം വിദ്യ;-സത്യമില്ലാത്ത ഭാരതി.

194

സത്യം നൽകുന്ന ഭിക്ഷാന്നം-സത്തുകൾക്കുത്തമോത്തമം;
അസത്യമേകം സാമ്രാജ്യ-മമേദ്ധ്യമധമാധമം.

195

സർവ്വലോകരിൽനിന്നും നാം-സത്യത്തെത്താൻ കൊതി
[ക്കവേ
അതന്യർ നമ്മിൽനിന്നും തെ-ല്ലാശിച്ചാൽ കുറ്റമെന്ത
[തിൽ?

196

സർവ്വസ്വവും വെടിഞ്ഞാലും-സത്യത്തെ വെടിയായ്കയാൽ
ഹരിച്ചു വാസവസ്വാന്തം-ഹരിശ്ചന്ദ്രനൃപൻ മഹാൻ.

197

മഹി സർവ്വംസഹയ്ക്കില്ല-മററുഭാരങ്ങളാൽ ക്ലമം;
അഹോ! ദുസ്സഹനദ്ദേവി-ക്കളീകോക്തിപരൻ നരൻ.

198

അന്യന്റെ വിത്തം തല്ലക്ഷ്മി;-യദ്ദേവിയെ മനസ്സിനാൽ
ആശിച്ചാൽക്കൂടിയും പാപം;-ഹരിച്ചാൽച്ചൊല്ലിവേണ
[മോ?

199

ശീലിപ്പൂ നല്ലോർ ഭാഷിപ്പാൻ-ശിലാരേഖയ്ക്കു തുല്യമായ്;
വരം പ്രമാന്നസുത്യാഗം;-വർജ്ജ്യം വാഗ്ദത്തലംഘനം.

200

ഋജുവാം പാതതാൻ ശീഘ്ര-മീശോപാന്തമണച്ചിടും;
മായതൻ കൂട്ടു കൈവിട്ടാൽ-മാനവൻ ജ്ഞാനിയായിടും.

---

# 11. വചനപദ്ധതി

---

201

സത്യംചൊല്ലാം, പ്രിയം നമ്മറം;-സത്യംചൊല്ലരുത
[പ്രിയം;
അസത്യം പ്രിയവും ചൊല്ലൊ-ല്ലതത്രേ ധർമ്മശാസനം.

202

സത്യം നാമെന്തിനോതേണം?-സർവ്വഭൂതഹിതത്തിനായ്;
പരദ്രോഹഫലം സത്യം-ഭാഷിച്ചാലതു പാതകം.

203

മിതമായ്, മൃദുവായ്, സത്തായ്,-ഹിതമായ്, പ്രീതിയേറ്റു
[വായ്,
കേൾപ്പോർക്ക് മധുരിയ്ക്കുന്ന-ഗീരോതുന്നു മനീഷികൾ.

204

ഉമിനീരിൻ മലത്തോടീ-യൂഴിപൂകും സരസ്വതി
സ്മിതാമൃതത്തിൽ മുങ്ങാഞ്ഞാൽ-ത്തെല്ലും സംശുദ്ധയാകു
[മോ?

205

ആർദ്രയായ് വിലസും ജിഹ്വാ-യതിന്നനുരൂപമായ്
പാരുഷ്യശുഷ്കമാം വാക്യം-പ്രസവിക്കുന്നതെങ്ങനെ?

206

നല്ല നാവിങ്കൽനിന്നാര-'മില്ല'പോലും രസോത്തരം;
ഒല്ലാത്ത നാക്കു തുപ്പുന്നോ-രൂഴിയും പൂഴിയും സമം.

207

നല്ലവാക്കരചെയ്യോൻറെ-നാവുവിട്ടൊരുദിക്കിലും
വാണീലക്ഷ്മികളൊന്നിച്ചു-വാഴുന്നീല ധരിത്രിയിൽ.

208

പാവതൻ മെയ്യിലും ചാർത്താം-പണ്ടവും പട്ടവസ്ത്രവും;
മർത്ത്യനു നാവിൽ മിന്നുന്ന-വാണിയാമണിതാനണി.

209

തണ്ണീരൊരല്പം നല്കീടാം,-അണലത്തൊട്ടിയത്തിടാം,
നല്ലവാക്കൊന്നുരച്ചീടാം,-നമ്മൾക്കാരൊടുമെപ്പൊഴും.

210

ആർക്കില്ല ഭാവനാബന്ധ,-മാർക്കില്ലാശയസന്തതി?
അതെല്ലാം വാഗ്മിയല്ലാത്തോ-ന്നലസും ഗർഭമല്ലയോ?

211

ഉത്തമപ്പിറവി വന്നീടാ,-മുന്നതാകാം വംശയത്നതഃ;
വരൊല്ലാക്കും സദസ്സിങ്കൽ-വാക്സ്ഥലം മററുരീതിയിൽ.

212

കററിപോലെയിരിക്കുന്നു-ഗോഷ്ഠിയിങ്കൽക്കബേരനം;
എടുത്തമ്മാനമാടുന്നു-യഥേഷ്ടം വാശ്മി സഭ്യരെ.

213

ആകർഷകം താൻ മധുര-മർത്ഥമില്ലാത്ത ശബ്ദവും;
വീണാക്വണത്തിലെന്തുള്ളൂ-വിചാരസഹമാം രസം?

214

നിറമല്ലനുരഞ്ജിക്കാൻ-സാരമാകുന്ന കാരണം;
കറുത്ത കുയിൽ നമ്മൾക്കു-ഗാനത്താൽ രമ്യമേററവും.

215

മണ്ഡൂകമൊന്നും കട്ടീല;-മൈന തന്നീല; പിന്നെയോ
വാക്കാലൊന്നു വെറുപ്പിപ്പൂ-മറെറാന്നുത്സവമേകവേ.

216

വറെറാന്നും കൈക്കലാവില്ല-വാമൂടിപ്പിച്ചു തെണ്ടിയാൽ;
പാടുന്ന യാചകന്നെന്നും-പാത്രം ഭിക്ഷാന്നപൂർണ്ണമാം.

217

കടിക്കുന്നോരു പാമ്പിനും-കരയുന്നോരു കുഞ്ഞിനും
സന്തോഷം മാനസത്തിങ്കൽ-സാന്ത്വനത്താൽ വരുത്തി
[ടാം.

218

അല്പസ്ഫടികപാത്രത്തി-ലൌഷധം കൈപ്പതെങ്കിലും
അല്പം തേൻ ചേർത്തു നല്കീടി-ലാസ്വദിക്കുമതാളുകൾ.

219

കാലത്തിനാലുണങ്ങീടും-കണകൊണ്ടുള്ളവാം ക്ഷതം;
ആജീവനാന്തം നിന്നീടു-മാർദ്രമായ് വാഗ്വിഷവ്രണം.

220

ഓതുന്നു സാമം നീതിജ്ഞ-രൊന്നാമത്തെയുപായമായ്;
സാമഗന്മാർക്കു നൽകുന്നു- സർവ്വാർത്ഥങ്ങളുമീശ്വരൻ.

---

## 12. സമയപദ്ധതി

---

221

വിധി മർത്ത്യർക്കു നൽകുന്ന-വിവിധാനുഗ്രഹങ്ങളിൽ
അതിമാത്രം വിലപ്പെട്ട-തായുഷ്കാലമസംശയം.

222

അന്തമുണ്ടതിനെന്നുള്ള-താർക്കും ബോധ്യമനാരതം;
അതെപ്പോളെന്നുമാത്രം താ-നറിവീലാരുമേതുമേ.

223

ഏറെ നീണ്ടാലുമിജ്ജന്മ-മെത്രനാളേക്കു നീണ്ടിടും?
ആർക്കു നൂററാണ്ടു ജീവിക്കാ-മരോഗദൃഢഗാത്രനായ്?

224

പാതിപോം വിശ്രമത്തിങ്കൽ;-പ്പാതി പിന്നെയുമുള്ളതിൽ
ബാല്യവാർദ്ധക്യരോഗങ്ങൾ-ഭാഗത്തിന്നവകാശികൾ.

225

ശേഷിച്ച സമയംകൊണ്ടു-ശേമുഷിക്കൊത്തരീതിയിൽ
ധർമ്മാർത്ഥകാമമോക്ഷങ്ങൾ-സാധിക്കേണ്ടവർ മാനവർ.

226

ആയുരാരോഗ്യഭാഗ്യങ്ങ-ളടുത്ത നിമിഷത്തിലും
പാലിക്കുവാൻ നമുക്കവൻ-പ്രതിഭൂവായി നിന്നിടും?

227

സ്നേഹിപ്പാൻ മാത്രമേകുന്നു-ദൈവം മർത്ത്യന്നു ജീവിതം;
ദ്വേഷിപ്പാൻകൂടിയില്ലല്ലോ-ദീർഘതാമതിനേതുമേ.

228

ചെലവാക്കാൻ മടിപ്പൂ നാം-ജീവിതാർത്ഥം യഥാർത്ഥമായ്,
കവർച്ചയ്ക്കു തരം പാർത്തു-കാലൻ പാതയിൽ നില്ക്കവേ.

329

കൃതകൃത്യനൊരാളന്യൻ-ക്രീഡാമാത്രപരായണൻ;—
സമവർത്തിക്കു തെല്ലില്ലി-ത്താരതമ്യവിവേചനം.

230

ശരീരമാം ഘടത്തിങ്കൽ-ത്തങ്ങിടും സ്വല്പജീവനം,
പായുന്ന ദിനരാത്രങ്ങൾ-പാനംചെയ്യുന്നു നിത്യവും.

231

സമയത്തിന്റെ മൂല്യത്തിൻ-സാക്ഷാദ്രൂപം ധരിക്കുവാൻ
കാന്തന്മപ്രാണനാഥയോമന്റെ-കണ്ണീർക്കണ്ണാടി നോക്കണം.

232

വേലയ്ക്കു വേണ്ടതാം കാലം-വിനോദം കൈക്കലാക്കുകിൽ
ഓദനത്തിൻ പദത്തിങ്ക-ലുപദംശം കടക്കയായ്.

233

"ഇത്രയ്ക്കു നീട്ടി ഞങ്ങൾക്കെ-ന്തേകുവാൻ ജീവിതം
[ഭവാൻ?"
എന്നു പഴ്ച്ചിപ്പു ദൈവത്തെ-യെന്നാളും വ്യർത്ഥജീവിതർ.

234

അന്നന്നു മുന്നിൽ വന്നെത്തു-മഭ്യാഗതാതിഥിക്കു നാം
അയ്യോ! പൂജനടത്തുന്ന-തതിൻ ചിത്രവധത്തിനാൽ!

235

മറവർക്കോർമ്മ മൂവെട്ടു-മണിക്കൂറുകളെന്നിയേ
ധാതാവു നല്കീലെന്നാലും-ശങ്കരാദ്യർക്കു ശ്രുതിയും.

236

"ഇന്നെന്തു സുകൃതം ചെയ്തേ-നിന്നെന്തറിവു നേടിനേൻ?
ഇന്നെത്ര പോന്നേൻ മുന്നോട്ടേ-ക്കിന്നലത്തേതിൽനിന്നു
[ഞാൻ"?

237

ചോദിക്കണം നാം രാവായാൽ-ച്ചോദ്യമാത്മാവൊടിത്തരം;
പ്രതികൂലോത്തരം കേട്ടാൽ-പശ്ചാത്താപാശ്രു വാക്കണം;

238

അടുത്തനാളിലാത്മാവി-ന്നാനുകൂല്യത്തെ നേടുവാൻ
ശപഥം ചെയ്യണം;പിന്നെ-ശ്ശാന്തന്മാരായുറങ്ങണം.

(സന്ദാനിതകം)

239

ഭൂതം വീഴട്ടെ ഭൂതത്തിൽ;-ഭാവി തങ്ങട്ടെ ഭാവിയിൽ;
വരം തരട്ടെ നമ്മൾക്കു-വർത്തമാനം പുരസ്ഥിതം.

240

നാളെച്ചെയ്യേണ്ട കൃത്യങ്ങ-ളിന്നേ ചെയ്തീടുകിൽ
ചരിതാർത്ഥർ നമുക്കെന്നും-ശ്വോഭാവൻ പ്രിയാതിഥി.

---

# 13. ക്ഷമാപദ്ധതി.

---

241

ആശിച്ചതു ലഭിക്കാത്തോ-നരിശത്തിന്നധീനനാം;
കാരണത്തെ നശിപ്പിച്ചാൽ-കാൎയ്യന്താനേ നശിച്ചുപോം.

242

അശക്തന്നു ബലം ക്ഷാന്തി; ശക്തന്നതു വിഭൂഷണം;
തെററുണ്ടെങ്കിൽ ക്ഷമിക്കേണം; തെററില്ലെങ്കിൽ
[ക്ഷമിച്ചിടാം.

243

അവിധേയനൊടാക്കണ്ടാ-മരിശത്താൽ പ്രയോജനം?
വിധേയനോടുമരിശം-വിളവിന്നു വിളങ്ങുമോ?

244

ദാരിദ്ര്യബാധിതൻ ത്യാഗി;-തരുണൻ വിജിതേന്ദ്രിയൻ;
ബലവാൻ ക്ഷാന്തൻ:-ഈ മൂന്നു-പേരും വാഴ്ത്തപ്പെടേണ്ട
[വർ.

245

ക്ഷമയാം ചട്ട പൂണ്ടോനു-ജയിക്കാമേതുലോകവും;
തണ്ണീരിൽ വീഴും തീക്കൊള്ളി-തണുത്തേ മതിയായിടൂ.

246

കോമരത്തുള്ളൽ തുള്ളൊല്ലേ-കോപബാധയ്ക്കൊരുത്തനും;
ദർശിക്കുവോർ ചിരിക്കുന്നു-ദേഹായാസമതിൻ ഫലം.

247

ക്രോധം കോപത്തെ വെന്നീടാം;-ക്രൂരദുഷ്ടിനും മാററിടാം;
ക്ഷാന്തിയാലരിശം നീങ്ങും;-തമസ്സമ്പിളിയാൽകെട്ടും.

248

സ്വാധീനമാം പുണ്യതീൎത്ഥം,-ധനം വേണ്ടാത്തതാം ക്രിയ,
ക്ലേശമററ തപസ്സാം താൻ-ക്ഷമാശീലം ശുഭാവഹം.

249

എത്രയോ സുന്ദരം നമ്മൾ-ക്കീശൻ നൽകിയൊരാനനം;
അരിശംകൊണ്ടു വൈവൎണ്യ-മതിന്നെന്തിനണയ്പു നാം?

250

ദംഷ്ട്രയും തീക്കനൽക്കണ്ണും-നീണ്ടനാക്കമലച്ച്യും
കാട്ടിലലങ്ങോ കിടക്കേണ്ട കടുവായ്ക്കേകി നാന്മുഖൻ.

251

പിണി യാതൊന്നുമില്ലാതെ-പിച്ചും പേയും പുലമ്പിടും;
മദ്യമുള്ളിൽക്കടക്കാതെ-മത്താടും കോപബാധിതൻ.

252

കൊള്ളിവയ്ക്കും ഗൃഹത്തിന്നു;-കൂട്ടക്കൊല നടത്തിടും;
ആത്മഹത്യയുമായ് തീരു-മരിശംപൂണ്ട പാതകി.

253

ഇടിയും മിന്നലും മുഞ്ഞി-യിരുണ്ട മുകിലാൎന്നിടും;
കാലം ചെല്ലു കഴിഞ്ഞീടിൽ-ക്കണ്ണീർ തൂകുമനല്പമായ്.

254

കോപിക്കൊലാ നാമാരോടും;-കോപിക്കാൻ തീൎച്ചയാകു
[കിൽ
കോപത്തോടാകട്ടെയക്കോപം;-ഘോരാരാതിയതല്ലയോ?

255

വിശുദ്ധമീ മനഃക്ഷേത്രം-വിവേകത്തിൻ പ്രതിഷ്ഠയാൽ;
ഈററപ്പിശാചഴിഞ്ഞാടാ-നിതാർ പാഴ്ക്കളമാക്കിടും?

256
മാറിടത്തിൽച്ചവിട്ടീട്ടും-മാധവൻ ക്ഷാന്തനാകയാൽ
പുരുഷോത്തമനെന്നോതി-പൂജിച്ചുദ്ദേവനെബ്ഭൃഗു.

257
ക്ഷമാദേവതയെക്കാണ്മിൻ-ജഗൽപുണ്യപതാകയെ;
പാഞ്ഞെത്തുമരിശപ്പാമ്പിൻ-പത്തിതാഴ്ത്തും വിഭൂതിയെ.

258
കനിവിൻനീരുറന്നീടും-കൺകൊണ്ടുഴിയെനോക്കുവോൾ;
പുഞ്ചിരിപ്പുണ്ഡരീകപ്പൂ-പുരോഭൂവിൽ വിരിക്കുവോൾ;

259
മൌർഖ്യമാക്രോശനം ചെയ്താൽ-മൌനവൃത്തി ഭജിക്കു
[വോൾ;
വികാരക്കെട്ടതീക്കുള്ളും-വിറകാക്കാതെ വാഴുവോൾ;

260
പ്രസന്നയായ്, മധുരയായ്,-പ്രൌഢയായ്, പരിശുദ്ധ
[യായ്,
മേവുമിദ്ദേവിയെക്കൂപ്പാം-മേന്മേൽപ്പാപം ശമിക്കുവാൻ.

(സന്ദാനിതകം)

---

## 14. സന്തുഷ്ടിപദ്ധതി.

---

261
തനിക്കുള്ളതുകൊണ്ടുള്ളിൽ-സന്തോഷമിയലുന്നവൻ
സുരക്കും ലഭ്യമല്ലാത്ത-സുധ നിത്യമശിക്കുവോൻ.

262
വരാൻ വിളിച്ചിട്ടല്ലല്ലോ-വരുന്നതഴൽ; ആ വിധം
വരും വരുമ്പോൾ സുഖവും;-മദ്ധ്യത്തിൽ ദൈന്യമെന്തി
[നോ?

263

സാധിക്കുന്നതു സാധിക്കും-സമ്യക്കാമുദ്യമത്തിനാൽ;
പ്രാണൻ കളവതെന്തിന്നായ്-പ്രാപ്യമല്ലാത്തതിന്നു നാം?

264

സന്തുഷ്ടഹൃദയന്മാർക്കു-സമ്പത്തുണ്ടെവിടത്തിലും;
ചെരിപ്പിട്ടു നടപ്പോർക്കു-ദിക്കെല്ലാം തോൽ വിരിച്ചതാം.

265

ദുഃഖമാർക്കും കൊടാതേയും-ദുഷ്ടനെക്കുമ്പിടാതെയും,
സന്മാർഗ്ഗം വെടിയാതേയും,-സാധിക്കും തരിയും ഗിരി.

266

കാററിനാൽപ്പാമ്പു ജീവിപ്പൂ;-കാട്ടാന ചെറുപുല്ലിനാൽ;
തപോധനൻ കിഴങ്ങാലും;-സന്തുഷ്ടിക്കാർക്കു താൻ പണി?

267

ആറു ലോകങ്ങൾ മീതേയു-മാറിനോടൊന്നു താഴെയും
ചമച്ചു ഭൂമിയോടോതീ-സന്തോഷിച്ചിടുവാൻ വിധി.

268

അല്പായുസ്സിൽ മരിക്കുന്നോ,-രങ്ഗഹീനത വായ്ക്കുവോർ;
പാണിതൻ വായിൽ വീഴുന്നോർ;-പിച്ചച്ചട്ടിയെടുക്കു
[വോർ;

269

സാധുക്കളെത്രയില്ലേവം-സാമാന്യർക്കും ദയാർഹരായ്?
അവരെക്കാൺകിലും നമ്മ-ളാശ്വസിക്കാത്തതത്ഭുതം.
[യുഗ്മകം)

270

കടുക്ക ദൈവം നൽകട്ടേ;-കല്ക്കണ്ടെന്നു നിനച്ചു നാം
കടിച്ചിറക്കിയാൽത്തന്നു-കാര്യം; തോററോടി തന്വരൻ.

271

ആശ്ചര്യമാം വിലങ്ങൊന്നു-ണ്ടാശയാം പേരിലൂഴിയിൽ;
തൽബദ്ധൻ ധാവനം ചെയ്‌വൂ;-തന്മുക്തൻ നില്പൂ നി
[ശ്ചലം.

272

ചുളുക്കു വീണു വക്ത്രത്തിൽ,-ത്തൂവെള്ളിവടിവായ് മുടി;
എല്ലെടുത്തു വപു,സ്സിശ-യ്യൂന്നിട്ടും നവയൌവനം!

273

പാശം യമൻ ഗളത്തിങ്കൽ,-പ്പതിപ്പിക്കും ക്ഷണത്തിലും
പാരെല്ലാം സ്വന്തമാക്കീടാൻ-പരക്കെപ്പാഞ്ഞിടുന്നു നാം.

274

എങ്ങും, വിഭവമാമാജ്യ-മെത്രയ്ക്കെത്രയ്ക്കു വീണിടും,
ആശയാമഗ്നിതൻജ്വാല-യത്രയ്ക്കെത്രയ്ക്കുയർന്നിടും.

275

കുഴിച്ചുമൂടും നാണത്തെ,-ക്കുരങ്ങാടിച്ചു നിർത്തിടും;
കാനൽവെള്ളം കുടിപ്പിക്കും;-കടുപ്പം തൃഷ്ണതൻ ചതി.

276

ശൂന്യമാം മനമെന്നുള്ള-ചുടലക്കാട്ടിലെന്നിയേ
തൃഷ്ണാപിശാചിക്കാടീടാൻ-തീർത്തിട്ടില്ല കളം വിധി.

277

സന്തുഷ്ടിയെന്ന്യേ മറ്റില്ല-ശാശ്വതം ധനസഞ്ചയം;
ദയയല്ലാതെ ലോകത്തിൽ-സ്ഥൂലമാമൂണലാരവും.

278

ലഭിക്കുവോളമായാസം,-ലഭിച്ചാലപ്പുറം മദം,
ദുഃഖം പൊയ്പ്പോകിൽ; മറ്റെന്നും;-സുഖം സന്തോഷമൊ
[ന്നുതാൻ;

279

സ്വർഗ്ഗം മന്നോടടുപ്പിക്കും-ദൂരദർശിനിപോലവേ;
സ്വല്പത്തെ വലുതായ്ക്കാട്ടും-സൂക്ഷ്മദർശിനിപോലെയും.
[യുഗ്മകം]

280

ആരോഗ്യമേകമാഹാര-മാധിതീർക്കുന്ന ഭേഷജം,
അന്തസ്സന്തോഷ,മറ്റുവി-ട്ടാരെയ്യന്തർഘമൂഴിയിൽ?

---

# 15. വിനയപദ്ധതി

---

281

വിനയം വാച്ചിടുന്നോനു-വിശ്വവും വശ്യമായ്‌വരും;
ശരത്തിൽവെള്ളം താഴുമ്പോൾ-സ്നാനത്തിന്നർഹമാം നദി.

282

പാരായിട്ടും നമുക്കുള്ള-പണ്ടത്തേതറവാടിതിൽ
താണുതന്നെ നടക്കേണം-തലമുട്ടാതിരിക്കുവാൻ.

283

താണുതാണുയരത്തേക്കു-തത്വവേദികൾ കേറവേ,
പൊങ്ങിപ്പൊങ്ങിക്കിഴുപ്പോട്ടു-പോരുന്നു പടുവിഡ്ഢികൾ.

284

പാരം മെഴലി കനിക്കുന്നു-ഫലം തിങ്ങിന പാദപം,
അപ്രാപ്യമല്ല തന്നർത്ഥ-മാർക്കുമെന്നറിയിക്കുവാൻ.

285

പക്ഷികൾ വാനിൽപ്പാഞ്ഞീടാൻ-പത്രം നല്കിന നാന്മു
[ഖൻ
തറയിൽത്താൻ നടന്നീടാൻ-ചരണം മർത്ത്യനേകിനാൻ.

286

മാതാപിതാക്കളാചാര്യൻ-മഹീശൻ മുതലെത്രപേർ
വലിയോരില്ല നമ്മൾക്കു-വന്ദ്യരായ്പ്പലരീതിയിൽ?

287

താന്തോന്നിയാവതല്ലേതും-സ്വാതന്ത്ര്യത്തിൻറലക്ഷണം;
നിയമത്തിന്നു കീഴ്പ്പെട്ടു-നില്പൂ നിശ്ശേഷസൃഷ്ടിയും.

288

വാഴിപ്പൂപ്പൊക്കം മേനിക്കു-വാമനന്മാർ ഞെളിച്ചിലാൽ?
പ്രാംശുക്കൾ കനിവു തങ്ങൾ-പരരോടൊപ്പമാകുവാൻ.

289

അറിയുംതോറുമാക്കുംത-ന്നറിവില്ലായ്മ ബോദ്ധ്യമാം;
നിറയുന്ന കുടത്തിങ്കൽ-നീരു തുള്ളിത്തുളുമ്പുമോ?

290

കടൽക്കരയിൽനിന്നേതോ-കക്കമാത്രം പെറുക്കുവോൻ
താനെന്നുരച്ചുപോൽ ന്യൂട്ടൺ-സർവ്വശാസ്ത്രാബ്ധിപാരഗൻ.

291

വംശം, വിദ്യ, ധനം, രൂപം, വദാന്യത്വം, പരാക്രമം,
ആറുമട്ടിത്തരം ലോക-ർക്കകതാരിൽ വരും മദം.

292

മുറുമോരോ കലഹത്തിന്നും-മൂലം നമ്മൾ തിരക്കുകിൽ
പത്മത്തിന്നൊപ്പമടിയിൽ-പ്പങ്കം വാഴുന്നു, കണ്ടിടാം.

293

വിനയംവിട്ടു വിജ്ഞെക്കു-വിദ്യ ദർപ്പം വരുത്തുകിൽ
സ്തന്യം വി,ട്ടുള്ള മക്കൾക്കു-തായ നഞ്ഞൂട്ടിന്നതാം.

294

ഒരുകാററിലുരുക്കൂട്ട-മൊരിടത്തർത്ഥസഞ്ചയം;
അടുത്തകാററിൽച്ചിതറി-യങ്ങിങ്ങാകെപ്പറന്നുപോം.

195

ഇന്നലെശ്ശിശുവായ് വാണോ-നിന്നു യൌവനഗർവ്വിതൻ;
നാളെജ്ജരാതുരൻ; ഹന്ത!-മറെറന്നാൾശ്മശാനാതിഥി!!

296

ഫലാദിസന്ധി കൈവിട്ടും,-പരർ കേട്ടറിയാതെയും,
ചെയ്യുന്ന ദാനമേ ദാനം;-ശേഷം കച്ചവടക്രമം.

297

തിര്യക്കുകൾക്കും മെയ്യുംകൈ-ദൈവം നൽകിയിരിക്കവേ,
ഘോരൻ താനെന്നുവച്ചവൻ-കൊമ്പൻമീശപിരിച്ചി
[ടും?

298

നല്ലോരെക്കണ്ടിടുന്നേരം-നമ്രമാകും ശിരസ്സുതാൻ
ശ്രുതിജാത്യാദിസമ്പന്ന-ർക്കേയാളും ധരിത്രിയിൽ.

299

മദമോമാനമേലേറും-മഘവാവിനെയും ദ്രുതം
പൂഴികളിൽപ്പതിപ്പിക്കും-പൂജ്യപൂജാവ്യതിക്രമം.

300

എത്രതാമസമായുള്ളു-ഏറ്റും വിനയമേല്ക്കുകിൽ
ശോഭിക്കും പനിനീർപ്പുഷ്പം-ചൂടും കാർകുഴൽപോലവേ.

---

# 16. സൌജന്യപദ്ധതി.

301

സൌജന്യം ചുമലിൽത്താങ്ങു-ധന്യൻതന്നെയുയർന്നവൻ;
സൌകര്യത്തിൽ ഗ്രഹിക്കുന്നൂ-സൌഖ്യവൃദ്ധിഫലമപ്പുമാൻ.

302

ഗുണം കുറഞ്ഞോനന്യന്റെ-ഗുണനാൽക്ലിഷ്ടത കാണവേ
മലിനീഭൂതമാകുന്നു-മാത്സര്യപ്പുകയാൽ മനം.

303

പരന്റെകീർത്തിയുംശ്രീയും-പാർക്കിലും കേൾക്കിലും ഖലൻ
ഉമിത്തീയിലമിഴ്ത്തിത്ത-ന്നുള്ളംനീറുന്നു രാപ്പകൽ.

304

സാപ്പാട്ടും നിദ്രയും നീങ്ങും;-ചടയ്ക്കും മേനി മേല്ക്കുമേൽ;
ചികിത്സിക്കാവതല്ലാർക്കും-ജീവിതാന്തദമഗ്ഗദം.

305

ഏറ്റും ഫലത്തിലാർന്നിടൊ-ല്ലീർഷ്യ; ഹേതുവിലാർന്നിടാം;
പരിശ്രമിക്കാം നമ്മൾക്കും-പരരെപ്പോലെയാകുവാൻ.

306

മനുഷ്യനുയരാൻ മാത്രം-മാത്സര്യമുതകീടുകിൽ
അതെത്രമെച്ചം,മീയൂഴി-യതിനാൽത്തന്നെ നാകമാം.

307

അക്ഷാന്തി പക്ഷേ വേഗത്തി-ലസൂയാരൂപമാർന്നിടും;
തൻനിലയ്ക്കുന്നതന്മാരെ-ത്താഴ്ത്തുവാൻ കൈയുയർത്തിടും;

308

ദാതാക്കൾക്കു യശഃകാംക്ഷ;-ദാന്തന്മാർക്കു ബകവ്രതം;
തന്റേടമാക്കഷ്ടഭാവം;-ശാലീനക്കല്ലശേമുഷി;—

309

ഓരോ ഗുണിക്കുമിമ്മട്ടി-ലോരോ ദോഷമുമുണ്ടിടും;
ഛേദവാരിയെറിഞ്ഞീടും- തിഗ്മാംശുവിനെ നോക്കിയും.
(സന്ദാനിതകം)

310

ശാപശക്തി സമാർജ്ജിച്ച-ശമിയല്ലീയസൂയകൻ;
അതിനാൽ തൽപരീവാദ-മാദ്യന്തം വന്ധ്യജീവിതം.

311

കൈക്കൊള്ളണം നാം ഗ്രാഹ്യാംശം-കണ്ടാലാക്ഷേപവാ
[ക്കിലും;
ആചാര്യനാകാം രിപുവു,-മൌഷധം നഞ്ഞുമൂഴിയിൽ.

312

അമൃതമാണാവാക്കെങ്കി-ലതിനാലും കൃതാർത്ഥർ നാം,
കൈനഷ്ടമൊന്നും കൂടാതെ-കണ്ടോർക്കാനന്ദമേകുവോർ.

313

സ്തുതിയും നിന്ദയും കേട്ടു-തുഷ്ടിയും മാലുമേന്തൊലാ;
ഒന്നുവെള്ളത്തിൽ മുക്കീടു,-മൊന്നു തീയിലെരിച്ചിടും.

314

ആത്മശ്ലാഘാദ്യതന്മാരു-മാത്മഘാതികളും സമം.
വ്യഞ്ജിക്കും സ്വഗുണം തന്നേ-വേറിട്ടുള്ളോരെ വാഴ്ത്തിയാൽ.

315

സാധുവിന്നെന്തുവാൻ ഹാനി—സാസൂയൻ പഴി ചൊല്ലു
[കിൽ?
ക്ഷതിയെന്തമ്പിളിക്കുള്ളു—ചെററപ്പട്ടി കരയ്ക്കുകിൽ?

316

ചേർത്തുതാൻ ഗുണദോഷങ്ങൾ- തീർപ്പൂ മർത്ത്യരെ നാന്മു
ഏററക്കുറച്ചിലുണ്ടാകാ-മിവതൻ യോഗരീതിയിൽ.[ഖൻ;

317

വെരുകിൽപ്പുഴുക്കണ്ടാകാം;-പാമ്പിൻ തലയിലും മണി;
കീടത്തിലും പട്ടസൂത്രം;-ചേറിലും സരസീരുഹം.

318

അധികാരികളോ നമ്മ-ളന്യർതൻ ദോഷമോതുവാൻ?
അന്ധൻ കാണുന്നു കല്ലിക്ക-മപവാദം നിരക്കുമോ?

419

ദോഷമാം കടലിനുള്ളിൽ-സൂക്ഷിച്ചാൽ ഗുണമൌക്തികം
കാണാം; മുങ്ങിയതോരോന്നു-കൈക്കൊൾവൂ പുണ്യശാലി [കൾ.

320

അന്യന്റെ സൽഗുണം കാണു-മക്ഷിതാൻ സഫലോദയം;
നാലുപേരോടതോതുന്ന-നാവുതാൻ ചരിതാൎത്ഥവും.

---

## 17. അഹിംസാപദ്ധതി.

---

321

അനേകമുണ്ടു ധൎമ്മം നാ-മനുഷ്ഠിക്കേണ്ടതെങ്കിലും
അഹിംസതാനവയ്ക്കെല്ലാ-മസന്ദേഹമധീശ്വരി.

322

ഹിംസാപിശാചിതൻ വേഴ്ച-യ്ക്കവനുൽസുകനായിടും;
അവനു മക്കളായുണ്ടാ-മഘങ്ങൾ പലമാതിരി.

323

നമുക്കപ്രിയമാമൊന്നും-നാം ചെയ്യൊല്ലാൎക്കുമെന്നുമേ;
പ്രിയമാമേതുമേവൎക്കും-പേൎത്തും ചെയ്യേണമെപ്പൊഴും.

324

ചേതസ്സിനാലും വാക്കാലും-ചെയ്കയാലുമൊരുത്തനും
ജന്തുഹിംസയ്ക്കൊരുമ്പെട്ടു-ജന്മം പാഴിൽത്തുലയ്ക്കൊലാ.

325

അന്യജീവിക്കുമാനന്ദ-മാത്മജീവിതമൂഴിയിൽ;
അധികാരികളോ നമ്മ-ളതിന്നരുതി ചേർക്കുവാൻ?

326

ദൈവം കൊടുത്തതാം ജീവൻ-ദൈവം വേണമെടുക്കുവാൻ;
നാഥൻെറ ചെങ്കോൽ കീടങ്ങൾ-നാമോ തട്ടിപ്പറിക്കുവാൻ?

327

വരുത്തൊല്ലുഴലുൾത്തട്ടിൽ;-വാർപ്പിക്കൊല്ലശ്രുവാർക്കുമേ;
അടിക്കൊല്ല കളിക്കായും:—ഹനനം പിന്നെയല്ലയോ?

328

സാമ്രാട്ടു മോടിയാക്കേണ്ട,-സാമ്രാജ്യം നേടിടേണ്ട നാം,
വാനിലും കയറിടേണ്ട,-വധിച്ചിതരജീവിയെ.

329

കൊന്നുതിന്മാൻ വളർത്തുന്ന-കോഴികൾക്കൊപ്പമായ്പ്പരർ
പിണ്ഡം ഭടർക്കു നൽകുന്നു-പീരങ്കിക്കിരയാകുവാൻ.

330

മർത്ത്യഘാതികളാം മന്നർ-മഹാന്മാരെന്നു വാഴ്ത്തവേ
ചരിത്രകൃത്തിൻ പേനയും-ചാരിത്രം മൺമറഞ്ഞുപോയ്.

331

ജഗത്തിന്നഴൽ വാർപ്പിച്ചു-ജയഭേരി മുഴക്കുവോൻ—
പുരുഷാധമൻ—മഹാനെങ്കിൽ-ഭൂകമ്പം മഹദഗ്രിമം.

332

മനുജവ്യാഘ്രസംജ്ഞയ്ക്കു-മാററു നൽകും കവീശ്വരർ
മനുഷ്യരാക്ഷസസാഹിത്യ-മാനിച്ചിടാത്തതത്ഭുതം.

333

അമ്പേററു വീണു കേണീട്ടു-മന്നത്തിൻ മെയ് തലോടവേ
അത്തുരിത്തൻെറ ദേഹത്തി-ലാഞ്ഞു കത്തി ജിനൻ ശിശു;

334

മെയ് മുറിഞ്ഞു; മനംനൊന്തു;-മേന്മേൽ വഴികയായ്
നിണം;
തൽക്ഷണം മഗ്നനായ് ദേവൻ-സൎവ്വസത്വാനുകമ്പയിൽ.

335 (യുഗ്മകം)

ചണ്ഡാശോകനൃപനൊന്നു-ധൎമ്മാശോകാഖ്യ ലബ്ധ
മായ്;
ആരാദ്ധ്യനായ് ജഗത്തിന്നു-നഹിംസാപരനമ്മഹാൻ.

336

പരവിത്തം ഗരളമായ്-പ്പരസ്ത്രീ ജനയിത്രിയായ്
പരാൎത്തിയാത്മവ്യഥയായ്-പ്പരികല്പിപ്പു സത്തുകൾ.

337

ഉണ്ടെത്രെ ദേഹിതൻ മേനി-കളെങ്കിലും ജഗദീശ്വരൻ,
മുക്താഹാരത്തിലേതോരോ-മുത്തിലും നൂലിനൊപ്പമായ്.

338

മാതാവൂഴി, പിതാവീശൻ, മന്നവന്നുമരുമ്പിന്നും ;
എല്ലാപ്രാണികളും നൂന-മേകോദരസഹോദരർ.

339

ഹിംസമൂലം പ്രസാദിക്കി-ല്ലീശ്വരൻ കരുണാനിധി;
പ്രാണിപീഡാരസം കോലും-പാപിയല്ലജ്ജഗൽപ്രഭു.

340

ആരാധിക്കവതെന്നോ നാ-മഹിംസാപുഷ്പമാലയാൽ,
സമ്മോദമണതാനേന്തും-സച്ചിദാനന്ദവിഗ്രഹൻ.

# 18. പരോപകാരപദ്ധതി.

341

ചൊല്ലുവൻ ധർമ്മസർവ്വസ്വം-ശ്ലോകാർദ്ധത്തിൽച്ചുരുക്കി
[ഞാൻ;
പരോപകാരം താൻ പുണ്യം;-പാതകം പരപീഡനം.

342

ശ്വാസിച്ചിടുന്നില്ലേവൻതാൻ-സ്വാർത്ഥമാത്രകൃതാർത്ഥ
നായ്?
കുക്ഷിവീർപ്പിപ്പു കാററുണ്ടു-കൊല്ലന്റെയുലക്കൂടിയും.

343

പാരിൽപ്പാമ്പുകളും കൂടി-ബ്ഭാഹ്യാപത്രോപകാരികൾ;
ജന്മം പരാർത്ഥമർപ്പിച്ചു-ജീവിക്കുന്ന പുമാൻ പുമാൻ.

344

ചർമ്മവും മററുമേകുന്നു-ചത്താലും മററുജീവികൾ;
കൊള്ളില്ല തെല്ലും മർത്ത്യന്റെ-കുണപം മാത്രമൊന്നിനും.

345

തണ്ണീർക്കുമിളതൻമട്ടിൽ-ത്തങ്ങിടും നരജീവിതം,
ആശാഗരളസമ്മിശ്ര-മാധിവ്യാധിപരിപ്ലുതം;-

346

ആദ്യന്തമതിവൈരസ്യ-മാക്കും നല്കുമതിങ്കലും
ഗുണമുണ്ടൊ, ന്നൊന്നുമാത്രം,-കുബ്ജയിൽ ഭക്തിപോ
ലവേ;

347

ഉടൽ വെൺചാമ്പലാകുംമുൻ-പുതകിക്കാമതേവനും
എങ്ങാനു,മെന്നാളെന്നാലു,-മേതുജന്തുവിനെങ്കിലും.

(സന്ദാനിതകം)

47

348

എന്നെങ്കിലും തനുത്യാഗ-മേവൎക്കും വിധികല്പിതം;
അതു പിന്നെ ത്യജിച്ചാലെ-ന്തന്യൎക്കൊരുപകാരമായ്?

349

പാലു നമ്മൾക്കു നല്കുന്ന-പശുവിൻ ഗ്രാസമാകവേ
ജീവിതത്തെ നിനയ്ക്കുന്നൂ-തൃണവും ചരിതാൎത്ഥമായ്.

350

സൎവ്വവും ലംഘനംചെയ്യാം-തൻകാൎയ്യത്തിന്നു വേണ്ടുകിൽ;
ജാതിയായ്—മതമായ്—നാടായ്-ജാല്മക്കന്യാൎത്ഥചി
[ന്തയിൽ.

351

മരുപ്പരപ്പായ്ക്കാണ്മോരീ-മഹിയിങ്കലുമീശ്വരൻ
മൎത്ത്യൎക്കു നല്കിടുന്നുണ്ടു-മന്ദാരങ്ങളപൂൎവ്വമായ്.

352

പടനഞ്ഞു വമിക്കുന്ന-പാമ്പുകൾക്കും ശുഭം വരാൻ
താൎക്ഷ്യന്നു നല്കീ തീനിന്നായ്-തന്മെയ് ജീമൂതവാഹ
[നൻ.

353

കൃഷീവലസ്ത്രീ വാഴ്ത്തുന്ന-ഗീതം കേട്ടു കൃതാൎത്ഥമായ്
ജന്മം ത്യജിപ്പൂ ജീമൂതം-ജഗതീജീവനൌഷധം.

354

മാതാവിൻ കുക്ഷിയിൽപ്പെട്ടാൽ-മരിക്കും സമയംവരെ
ഇല്ലൊരററനിമിഷംപോലു-മീശൻ കാക്കാതെ നമ്മളെ.

355

സൎവ്വപ്രാണിഗണത്തിന്നും-സമ്രാട്ടായുള്ള മാനുഷൻ
ഏവനും പരമോച്ചസ്ഥ-നെത്രമേൽത്താണിരിക്കിലും.

356

ആൎക്കില്ലവസരം മന്നി-ലന്യൎക്കുപകരിക്കുവാൻ?
മനസ്സു മാത്രമേ വേണ്ടൂ;-മറ്റെല്ലാം തന്നിയേ വരും.

357

അധഃപതിച്ചെരിയുഴി-യാദിക്രമ്മമുയത്തിപ്പോൾ;
ആംമട്ടതാവാം നമ്മൾക്കും;-അജ്ഞാനം സേതുബന്ധനം.

358

പരന്റെ തപ്പഹൃത്തിങ്കൽ-പ്പനിനീരു തളിക്കുവോൻ
തൽസ്മേരവദനം കാണ്മൂ-ചന്ദ്രൻ വെള്ളാമ്പൽപോലവേ.

359

വിവേകംതന്നെ സമ്പത്തു;-വിദ്യതന്നെ വിലോചനം;
സത്യംതന്നെ മഹാമന്ത്രം;-ദയതന്നെ പരം തപം.

360

വളയാലല്ല, ദാനത്താൽ-മാത്രം പാണി വിളങ്ങണം;
ഉടലും ചന്ദനത്താല-ല്ലുലകിൻ പരിചര്യയാൽ.

---

# 19. ധൈൎയ്യപദ്ധതി.

---

361

വിപത്തിലും സ്വഭാവത്തെ-വിട്ടവോരല്ല നല്ലവർ;
നീഹാരമാവതില്ലഗ്നി-നിർവ്വാണസമയത്തിലും.

362

ഉഷ്ണാംശു രക്തൻ താനൊപ്പ-മുദയാസ്തമയങ്ങളിൽ;
ഏവം വിധമിറങ്ങീട്ടു-മേകഭാവർ മനസ്വികൾ.

363

മറിച്ചിട്ടാലെഴുന്നേല്പു,-മാർജ്ജാരം കൂടിയും ദ്രുതം;
താഴെവീണാൽ മനുഷ്യനു-സമുത്ഥാനം പ്രയാസമോ?

364

ഭൂകമ്പത്തിൽക്കുലുങ്ങുന്നു-പുരഗ്രാമങ്ങൾ കൂടിയും;
ദൈവാപരാധം വന്നാലും-ധീരൻ നിശ്ചലമാനസൻ.

365

എതിരിൽപ്പാതമുട്ടിപ്പാ-നെത്ര വിഘ്നങ്ങൾ നില്ക്കിലും
അവയെത്തട്ടി നീക്കീടാ-മധ്വാനിനന്നു വേണ്ടുകിൽ.

366

അദ്രി മൺപുററൊടൊത്തീട്ടു-മാഴി നീർച്ചാലൊടൊത്തിടും;
ഉരച്ചാന്നിനിറങ്ങുന്നോ-ന്നാഴി മുററത്തോടൊത്തിടും.

367

വാഴ്ത്തിടാം, താഴ്ത്തിടാം, ലോകർ;-വരാം ലക്ഷ്മി, വരാതെയാം;
ചാകാമിക്ഷണമോ മേലോ;-സന്മാർഗ്ഗം ധീരർ കൈവിടാ.

368

തേരിന്നൊരൊററച്ചക്രംതാൻ:-തേരാളി തുടയററവൻ;
എങ്കിലും വാനിലാദിത്യ-ന്നെന്നും യാത്ര സുഖാവഹം.

369

പേടിച്ചീലല്പവും നഞ്ഞാൽ;-ഭ്രമിച്ചീലലർമങ്കയാൽ;
ആഴി വീണ്ടും മഥിച്ചാർപോ-ലമൃതം നേടുവാൻ സുരർ.

370

പൂവിൻെറ ധർമ്മം മാത്രംതാൻ-പുലർത്തുന്നു മനസ്വികൾ;
മർത്ത്യർതൻ മുടിയിൽച്ചേർന്നും;-വാടി,യല്ലെങ്കിൽ വീണിടും.

371

യാചനാവാണി മാനിക്ക-നാവിൽനിന്നു പുറപ്പെടാൻ
മറയ്ക്കു പഞ്ചപ്രാണങ്ങൾ-മുന്നകമ്പടി പോകണം.

372

പരന്റെ പടി തേടാത്ത-പങ്ഗുതാൻ ഭവ്യമാന്യവൻ;
അവന്റെ വക്ത്രം കാണാത്തോ-രന്ധൻതാൻ ഹന്ത! നിർ
[വൃതൻ;

373

മറവും ഖലരെ വാഴ്ത്താത്ത-മൂകൻതാൻ മുഖ്യപാഠകൻ;
പേർത്തും തദ്ഗതി കേൾക്കാത്ത-ബധിരൻതാൻ സുഖാന്വി
[തൻ. (യുഗ്മകം)

374

ദൂരസ്ഥമാം ഭയം കണ്ടു-ത്തുടങ്ങേണ്ടേണ്ട മാനുഷൻ;
മുന്നിൽവ,ന്നു നിന്നാലോ-മൂർദ്ധാവിൽ പ്രഹരിക്കണം.

375

ബൌദ്ധക്കാർതൻ പരീവാദം-കേൾപ്പിക്കേണ്ടവർതന്നെ നാം,
ആത്മാവുമവരോടൊന്നി-ച്ചുൽക്രോശിപ്പാനൊരുങ്ങുകിൽ.

376

ഒരൊറ്റ ഞൊടിവാണാലു-മോജസ്സോടൊത്തു വാഴണം;
ശതായുസ്സാകിലും ഹന്ത!-ശവംതാൻ ഭീരു സന്തതം.

377

ഉമി തീകത്തുകിൽപ്പാഴി-ലൊട്ടുനേരം പുകഞ്ഞിടും;
കാൽവിനാഴികയായാലും-കർപ്പൂരം നിന്നെരിഞ്ഞിടും.

378

ധനമിച്ഛിക്കുമധമൻ;-ധനമാനങ്ങൾ മധ്യമൻ;
മാനമുത്തമനും; മന്നിൽ-മാനൈകവിഭവൻ മഹാൻ.

DEPARTMENTAL LIBRARIES
7 DEC 1956

379

പ്രാണൻ പോകുന്ന കാലത്തും-ഭയം ധീരനിയന്നിടാ;
കൽത്തൂണു പൊട്ടിയാൽപ്പൊട്ടും-ഫലനം താങ്ങാ; വള
[ഞ്ഞിടാ.

380

വിത്തവും ഭാഗ്യവും മറവും-വേർപെടും സമയത്തിലും
ഭർത്താവിനെസ്സുഖിപ്പിക്കും-പ്രാണപ്രേയസിയാം ധൃതി.

---

# 20. സജ്ജനപദ്ധതി.

---

381

മണ്ണും കല്ലും നിറഞ്ഞോരീ-മന്നിലങ്ങിങ്ങപൂർവ്വമായ്
സ്വർണ്ണവും രത്നവും കാണാം-സൂക്ഷിച്ചടിയിൽ നോക്കി
[യാൽ.

382

കടൽ പണ്ടു ജനിപ്പിച്ചു-കാളകൂടാമൃതങ്ങളെ;
ക്ഷോണിയിന്നും ജനിപ്പിപ്പൂ-ദുഷ്ടസാധുജനങ്ങളെ.

383

സജ്ജനങ്ങൾക്കു വേണ്ടിത്താൻ-സഹസ്രാംശുദിപ്പതും,
വായു വീശുവതും, മന്നിൽ-വാരിദം മഴപെയ്വതും.

384

ധനംമാത്രം ഹരിക്കുന്നു-തസ്കരന്മാരടുക്കുകിൽ;
കാക്കണം ദൂരെ വാണാലും-കണ്ണും കരളുമുത്തമർ.

385

അപകാരികളേകീടു-മഭയം സജ്ജനം പരം;
വറവിക്കും ബഡവാഗ്നിക്കും-വാസമേകുന്നു വാരിധി.

386

മനോവാക്കായകർമ്മങ്ങൾ-മഹാന്മാർക്കൊന്നുമൊന്നുതാൻ;
മുടക്കംവിട്ടതന്യർക്കോ-മൂന്നും മൂന്നുവിധത്തിലാം.

387

ഗോവിന്റെപാൽ കറന്നിട്ടു-കുറെച്ചെന്നാൽപ്പിരിഞ്ഞു
പോം;
പാലാഴിതൻ പാലെന്നാലും-പാലായ്ത്തന്നെയിരു
ന്നിടും.

388

പ്രളയത്തിങ്കൽ മര്യാദ-പാരാവാരം ത്യജിച്ചിടും;
അതെന്നും കൈവിടുന്നോര-ല്ലതിഗംഭീരർ സത്തുകൾ.

389

ഖലന്റെ നാവാം പാമ്പിന്റെ-കടിതൻ ദുഷ്ട മാറുവാൻ
സാധുക്കൾ സേവചെയ്യുന്നു-ശമമാം പരമൌഷധം.

390

താപം തീർക്കും തുഷാരാംശു;-ദൈന്യം തീർക്കും സുരദ്രുമം;
താപവും ദൈന്യവും തീർക്കും-സാധു സാന്ത്വനങ്ങളാൽ.

391

വാരിദം ക്ഷാരനീരുണ്ടാൽ-വർഷിക്കും മധുരോദകം;
ദുർവാക്കു കേട്ടാൽ സാധുക്കൾ-സൂനൃതോത്തരമോതിടും.

392

മുളയ്ക്കില്ല; മുളച്ചാലും-കരിയും; കരിയായ്കിലും
കായ്ക്കില്ല നല്ലോർതൻ കോപം,-ഖലർതൻ ദയപോ
ലവേ.

393

സുജനത്തിന്നുമാചാരം-വ്യജനത്തിന്നുമൊന്നുതാൻ:—
പരിഭ്രമിച്ചിടും രണ്ടും പരതാപമകറ്റുവാൻ.

394

ആത്മതാപത്തിൽ മാത്രം താൻ-നലിവു വെണ്ണക്കട്ടിയും;
അന്യന്റെ താപം കേട്ടാലു-മലിയും സാധുവിൻ മനം.

395

അധമന്നു ഭയം ക്ഷുത്തു;-മധ്യമന്നു ഭയം മൃതി;
പാതകം മാത്രമെന്നാലും-ഭയമുത്തമന്നൂഴിയിൽ.

396

തുടങ്ങില്ലൊന്നുമധമൻ;-വിടും മധ്യത്തിൽ മധ്യമൻ;
ഫലം വരെ പ്രയത്നിക്കും-പ്രാണനുണ്ടെങ്കിലുത്തമൻ.

397

മഹാന്മാർ വീഴുകിൽപ്പിന്നിൻ-മട്ടിൽ വീണ്ടുമുയർന്നിടും;
മററുള്ളോർ പൊടിയായ്പ്പോകും-മണ്ണാങ്കട്ടയ്ക്കു തുല്യമായ്.

398

സതിങ്കൽ ച്ചീത്തയും നന്നു;-ദുഷ്ടങ്കൽ ചീത്ത നല്ലതും;
പശു പാലാക്കിടും പുല്ലു;-പാമ്പു പാൽ വിഷമാക്കിടും.

399

പരസ്ത്രീദർശനാന്ധന്മാർ,-പരാക്ഷേപകഥാജഡർ,
പരാർത്ഥഹൃതിപങ്ഗുക്കൾ,-പരമാർത്ഥത്തിലുത്തമർ.

400

തലയ്ക്കുമേലാരേററില്ല-സാധുദൈവതവിഗ്രഹം?
ആരോഷ്പ്പാനമാക്കർഹ-മയ്യോ! ഖര(ല)കളേബരം?

---

# 21. ദുർജ്ജനപദ്ധതി.

---

401

കാളകൂടം ഗ്രസിച്ചീല-കണ്ഠത്തിൽപ്പാർവതീപതി;
ധാരാളമതുകൊണ്ടിന്നും-ചമയ്പ്പൂ വിധി മർത്ത്യരെ.

402

ഖലന്റെ മനവും നാവും-കരവും തീർത്ത നാന്മുഖൻ
ശസ്ത്രവും വിഷവും തീയും-ചമച്ചു പുനരുക്തമായ്.

403

സുജനോപദ്രവം ചെയ്വൂ-ദുഷ്ടൻ തൻ നിത്യകർമ്മമായ്;
അവശ്യകരണീയത്തി-ന്നാരപേക്ഷിപ്പു കാരണം?

404

ദോഷമില്ല തനിക്കെന്നു-ഘോഷിച്ചീടേണ്ട സജ്ജനം;
അതത്രേ വലുതാം ദോഷ-മസതാൻ സൂക്ഷ്മദൃഷ്ടിയിൽ.

405

തപോബലത്താൽക്കാണുന്നു-സർവം തന്മയമായ് ഖലൻ;
സത്തുക്കളെയുമല്ലെങ്കിൽ-ദുഷ്ടരെന്നവനോർത്തുമോ?

406

തക്കംകാണ്മാൻ സഹസ്രാക്ഷർ;-താഡിപ്പാൻ ബാണ [ഹൈഹയർ;
അധിക്ഷേപിക്കുവാൻ ശേഷ-രാക്ഷം ഭീകരർതാൻ ഖലർ;

407

പരാപവാദം സംക്രീഡ;-പരസന്താപമുത്സവം;
പരദോഷകണാലോകം-പാപിക്കു നിധിദർശനം.

408

പാമ്പു ദുഷ്ടം; ഖലൻ ദുഷ്ടൻ;-പാമ്പിൽ ദുഷ്ടതരൻ ഖലൻ;
പാമ്പു വല്ലപ്പോഴും കൊല്ലും;-പകലും രാത്രിയും ഖലൻ.

409

വ്യാളത്തിന്ന വിഷം ദന്തം ;-മക്ഷികത്തിന്ന മസ്തകം ;
തേളിന്നു പുച്ഛം ; ദുഷ്ടന്നോ-ദേഹമാനഖ, മാശിഖം.

410

ഖലന്റെ രസനപ്പാമ്പു-കാട്ടും ചേഷ്ടിതമത്ഭുതം;
അന്യന്റെ കൎണ്ണം ദംശിക്ക,-മന്യൻ പ്രാണവിഹീനനാം.

411

വദനം പുഞ്ചിരിക്കൊള്ളും;-വചസ്സമൃതൊഴുക്കിടും;
കൊടുന്തീ കത്തുമുള്ളത്തിൽ;-ഘോരം ദുൎജ്ജനവിഗ്രഹം.

412

ഇണങ്ങട്ടെ, പിണങ്ങട്ടെ;-യിങ്ങുമങ്ങും ഖലൻ ഖലൻ;
കത്തുന്നതീയിൽക്കൈ പൊള്ളും ;-കരിയിൽക്കൈ കറുത്തി
[ടും.

413

സ്തുതിച്ചാലും പഴിച്ചാലും-ദുഷ്ടനസ്വാസ്ഥ്യമേകിടും;
നക്കിയാലും കടിച്ചാലും-നല്കും പ്രാണഭയം ഫണി.

414

മൂൎച്ചക്കൂട്ടുന്ന വാളിന്നു-മാറാം സ്നേഹം പുരട്ടുകിൽ;
ഭേദിപ്പാൻ ശക്തിയേറുന്നു-ചെന്തീക്കായയും ചേരുകിൽ.

415

മരത്തിൻ തണലിൽത്തങ്ങി-മാറിപ്പോകുന്ന വേളയിൽ
അതിൻ കടപുഴക്കീടു-മാനയും ഖലനും സമം.

416

ആരാൽ താൻ പുഷ്ടനായ്, ദുഷ്ട-നവനെക്കൊല്ലുമക്ഷണം;
താൻ ജനിച്ച മരംതന്നെ-ദാവാഗ്നിക്കാദ്യഭക്ഷണം.

417

പഠിത്തം വാച്ചിടുംതോറും-പാപി പാപിഷ്ഠനായിടും;
ജലംപൊങ്ങിവരുംതോറും-തീരം പുഴയുടച്ചിടും.

418

പരദ്രോഹഫലംതന്നെ-പാപിതൻ പുണ്യകൎമ്മവും;
പാഴാം വ്യാഘ്രോപവാസത്തിൻ-പാരണം പശുമാരണം.

419

ഖലനും മുള്ളിനും രണ്ടു-കാണ്മൂ നാം മറുകൈകളായ്;
ജോടുകൊണ്ടു ചവിട്ടേണം;-ദൂര,ത്തല്ലെങ്കിൽ മാറണം.

420

അധനത്വം പൊറുത്തീടാം-മാധിയും വ്യാധിയും വിധേ!
അകാലമൃത്യുവും കൂടി:—യസഹ്യം ഖലദൎശനം.

---

# 22. സംസൎഗ്ഗപദ്ധതി.

---

421

സൽസങ്ഗമം വരിക്കേണം;-സദാലാപം ശ്രവിക്കണം;
സന്മാൎഗ്ഗത്തിൽച്ചരിക്കേണം;-സൽസമ്മതി ലഭിക്കണം.

422

സമീപിക്കാമെളുപ്പത്തിൽ;-ഛായയും ഫലവും തരും;
മറവുള്ളവൎക്കായ് ജീവിപ്പൂ-മഹാനും മാൎഗ്ഗശാഖിയും.

423

തണുപ്പും വെണ്മയും ചേരും-സാധുസങ്ഗമഗങ്ഗയിൽ
സ്നാതനാവോൻ വിശുദ്ധൻതാൻ-തപസ്സിൻക്ലേശ
[മെന്നിയേ.

424

വിജ്ഞസംസൎഗ്ഗവൃക്ഷത്തിൽ-വിവേകാഭിധമാം സുമം
വിരിഞ്ഞു നമ്മൾക്കേകുന്നു-വിജയാഭിഖ്യമാം മധു.

425

ചന്ദനം ശീതമെന്നാലും;-ചന്ദ്രൻ ശീതമതിനുമേൽ;
ചന്ദ്രനുമേലും ശീതം താൻ-സൎവ്വക്കും സാധുസങ്ഗമം.

426

സൽസങ്ഗമം ലഭിച്ചോനു-ശത്രുപോലും സഹോദരൻ;
മരുപോലും മലൎക്കാവു;-മരണം പോലുമുത്സവം.

427

ഉല്കൎഷമുളവാം മേന്മ-സുമനസ്സംശ്രയത്തിനാൽ;
നാരിതൻ കുന്തലിൽ ക്ലൃപ്തം-നാരിതിന്നു നിദൎശനം.

428

കൈവിടില്ലാശ്രയിച്ചോനെ-കാലം മാറുകിലും മഹാൻ;
ഓഷധീശന്നു തന്നങ്ക-മൊപ്പം വൃദ്ധിക്ഷയങ്ങളിൽ.

429

പുഴയിൽക്കുഴിനീർ ചേൎന്നാൽ-പ്പൂതമാം മധുരോദകം;
കടലിൽപ്പുഴനീർ ചേൎന്നാൽ-ക്കശ്മലം ലവണോദകം.

430

ജലം മൌക്തികമാകുന്നു-ചിപ്പികളുള്ളിൽപ്പതിക്കുകിൽ;
കൺമറഞ്ഞാവിയാകുന്നു-കത്തും ചെന്തീയിൽ വീഴുകിൽ.

431

പൂവോടു ചേരും മണ്ണിന്നു-പൂവിൻ ഗന്ധമുദിച്ചിടും;
മറിച്ചാവില്ല,ല്ലതിൻമട്ടാം-മഹൽക്ഷുദ്രസമാഗമം.

432

തമസ്സകററും തിഗ്മാംശു,-താപം തീൎക്കും സദാഗതി,
അഘം പോക്കുന്ന ഗായത്രി,-യാശ നല്കും സുരദ്രുമം.

433

മങ്ങാത്ത പദവീദീപം;-വാടാത്ത മലർമാലയും,
മററുമായ് കാത്തുകൊള്ളുന്നു-മൎത്ത്യരെസ്സാധുസങ്ഗമം.

(യുഗ്മകം)

434

താങ്ങില്ല മദ്ധ്യമന്മാരെ-ത്താങ്ങണം, ഉത്തമർപോലവേ;
അദ്രിതൻ താപമാററുന്നീ-ലഭ്രത്തിന്നൊപ്പമായ് നദി.

435

കല്യാണഘരിണത്തിനു കാട്ടുതീ ഖലസങ്ഗമം,
ധമ്മരാഖികൾ മത്തേഭം,-ജ്ഞാനദീപത്തിനാശുഗം.

436

വിരിഞ്ഞു മേന്മേൽ കൃശമായ്-വെണ്മയററു വളഞ്ഞതായ്
ക്രൂരോത്താരഗ്രമെഴും പോത്തിൻ-കൊമ്പുതാൻ ദുഷ്ടസൌഹൃ
[ദം.

437

വസ്ത്രം വൈവർണ്യമാന്നീടാൻ-ശഠിത്രമെത്ര പരക്കണം?
ഭോജനം ദുഷ്ടമായീടാൻ-പുഴുവെത്ര കിടക്കണം?

438

വിപന്നത വരാൻ മർത്ത്യൻ വിഷമെത്ര കുടിക്കണം?
അല്പംചോരും പതിച്ചീടാ-നാക്കും ദുർജ്ജനസങ്ഗമം.
[യുഗ്മകം]

439

എത്രമേൽ നീരൊഴിച്ചാലു-മേതും പാറ വളന്നിടാ;
സമുത്ഥാനേച്ഛയുള്ളോരു-ശാഖി വാച്ചു തഴച്ചിടും.

440

നാകത്തിൽ നമ്മെയേററീടും-നൽക്കോവണികൾ സത്തു
[കൾ;
നിരയത്തിലിറക്കീടും-നിശ്രേണികളസത്തുകൾ.

0.32D
176561
032:1M77:18
H5

# 23. മിത്രപദ്ധതി.

441

യഥാൎത്ഥാനന്ദമേവൎക്കു-മേകുവാനീശദത്തമായ്
മിത്രമെന്നുണ്ടൊരുൽകൃഷ്ട-രത്നമീ രത്നഗൎഭയിൽ.

442

ഓരോന്നു കട്ടുകൊണ്ടോടാ-നൊട്ടേറെപ്പേർ വയസ്യരാം;
ആ മിത്രമുഖരാം മാററാ-രവശ്യം ത്യാജ്യരാക്കുമേ.

443

വെള്ളത്തുള്ളിയൊടൊത്താലും-വിഴുങ്ങീടൊല്ല പാരദം;
ലളിതാവേഷമാന്നാലും-ലാളിച്ചീടൊല്ല യക്ഷിയെ.

444

വേണ്ടപോലെ പരീക്ഷിച്ചു-വിശ്വാസം വന്നതിന്നുമേൽ
മിത്രമായ് സ്വീകരിച്ചീടാം-വിവേകിക്കു വിശിഷ്ടനെ.

445

സൂക്ഷിച്ചുവേണം കൈക്കൊൾവാൻ-സുഹൃദ്വിപ്രവധുക്ക
[ളെ;
കൈക്കൊണ്ടാലില്ല വേർപാടു-കാലധൎമ്മത്തിലെന്നിയേ.

446

ഉടലോടുയിർ ചേരുമ്പോ-ളുദിച്ചീടുന്നു-ജീവിതം;
ഉയിരോടുയിർ ചേരുമ്പോ-ളുത്ഭവിക്കുന്നു സൌഹൃദം.

447

കാണേണ്ട, കേൾക്കയുംവേണ്ട;-കരംകൊണ്ടൊത്തിടുമ്പൊ
[ഴും
അന്തരംഗം ദ്രവിച്ചീടി-ലതുതാൻ സ്നേഹലക്ഷണം.

448

തിന്മവിട്ടകറേറണം;-നന്മയിങ്കൽ നയിക്കണം;-
വെടിയൊല്ലേതുകാലത്തും;-മിത്രത്തിൻ ശൈലിയിത്തരം.

...ERSITY LIB...

449

ഉറപ്പേററുമാപത്താ-മുരകല്ലിലുരയ്ക്കവേ
ചെറെറങ്ങാൻ വേഴ്ച്ചയാം പൊന്നിൽ-ച്ചെമ്പുണ്ടെങ്കിൽ
[തെളിഞ്ഞിടും.

450

ശൂരൻ വെളിപ്പെടും പോരിൽ;-ശുചിയേകാകിയാകുകിൽ;
സാധ്വി ഭർത്താവിരന്നീടിൽ;-സന്മിത്രം ഭാഗ്യഹാനിയിൽ.

451

തോളൊന്നു വിട്ടുമറെറാന്നിൽ-ച്ചുമലും ചുമടിൻ പടി
ദുഃഖിക്കു ദുഃഖം നീങ്ങുന്നു-സുഹൃത്തിൻ ഹൃത്തിൽ വീഴവേ.

452

വ്യാധികൊണ്ടുള്ള വൈരൂപ്യ-മാധികൊണ്ടുള്ള കാർശ്യവും
മിത്രദൃക്കഴകായ്ക്കാണ്മൂ-വിപത്താം ദുഃരാത്രിയിൽ.

453

കരങ്ങൾപോലെ മേനിക്കു,-കണ്ണിന്നിമകൾ പോലെയും,
കാവലായ് നില്പു നമ്മൾക്കു-കാംക്ഷവിട്ടു സുഹൃത്തുകൾ.

454

ഒന്നിച്ചിരിക്കുവാ,നണ്ണാ,-നോരോ കാര്യമുരയ്ക്കുവാൻ—
ഇവ മൂന്നിനും സുഹൃത്തുള്ളാൾക്കുളതാൻ ത്രിദശാലയം.

455

ഒററയ്ക്കു നാം ഭുജിക്കേണ്ട-തൊന്നു താൻ—ഉടലിൻ ഗദം;
മററുള്ളതൊക്കെയും മേന്മേൽ-മധുരിക്കും സജഗ്ധിയിൽ.

456

പെത്തും കാട്ടേണ്ട നാമുള്ളം-പിതൃഭ്രാതൃവധുക്കളെ;
അധികാരികൾക്കാഴ്ച്ച—യ്ക്കന്തരംതമാവുമിഷ്ടാനം.

457

ദൎപ്പണം വസ്തുവിൻ രൂപം-കാണിപ്പിക്കുന്ന രീതിയിൽ
സുഹൃത്തിൻ സുഖദുഃഖങ്ങൾ-സുഹൃത്തിൻ മേനി കാട്ടിടും.

458

രണ്ടിഷ്ടൎക്കുമോതീടാം-രഹസ്യം നിൎവിശങ്കമായ്;
മൂന്നാമനരികിൽച്ചെന്നാൽ-മുടിഞ്ഞു സങ്കഥാസുഖം.

459

താനും സുഹൃത്തുമൊന്നെന്ന-തത്ത്വം ഞാനെന്നുമോൎക്കണം;
പുകളെൻ മിത്രമാൎന്നിടിൽ-പുളകം ഞാൻ വഹിക്കണം.

460

പഴകുംതോറുമേറുന്നു-പല വസ്തുക്കൾ മേന്മയിൽ;
സൂക്ഷ്മത്തിലില്ലവയ്ക്കൂനം-സുഹൃത്തിന്നൊപ്പമാം ഗുണം.

---

## 24. ധൎമ്മപദ്ധതി.

---

461

ഇഹാമുത്രസുഖം മൎത്ത്യ-ക്കേതിനാലുളവാകുമോ,
അതു ധൎമ്മം സനാതന-മധൎമ്മം മററശേഷവും.

462

തന്നെദ്ധരിപ്പൂ സത്തുക്കൾ;-താൻ ധരിപ്പൂ ധരിത്രിയെ;
തന്മൂലമപ്പേർ പണ്ടേകീ-ധൎമ്മത്തിന്നാപ്തവാക്കുകൾ.

462

മഹാജനങ്ങൾ പോകുന്ന-മാൎഗ്ഗമൊന്നുണ്ടു ഭൂമിയിൽ;
അപവൎഗ്ഗത്തിലെത്തിക്കു-മതുതാൻ ധൎമ്മപദ്ധതി.

464

ധൎമ്മാധൎമ്മങ്ങളൊന്നിച്ചു-സഞ്ചരിപ്പീല ധാത്രിയിൽ;
അഹസ്സും രാത്രിയുംപോലെ-യവയ്ക്കുണ്ടനുമന്തരം.

465

സൎവ്വഭൂതഹിതത്തിന്നും-തൻഹിതത്തിന്നു തുല്യമായ്
പ്രയത്നിക്കുന്നതൊന്നത്രേ-പരമം ധൎമ്മലക്ഷണം.

466

പരാൎത്ഥജീവിയാകേണ്ടോൻ-പഞ്ചേന്ദ്രിയമനസ്സുകൾ
സ്വാധീനതയിലാക്കേണം;-ത്യാഗം പരിചയിക്കണം.

467

അശുദ്ധേന്ദ്രിയവൃത്തവ-നാചാരപരനായിട്ടും;
ആട്ടിൻതോലിട്ടൊരച്ചെന്നാ-യാൎക്കുതാൻ ഭയമേകിടാ?

468

അനുഷ്ഠിച്ചീടണം ധൎമ്മ-മൎത്ഥകാമാഭിലാഷിയും;
വിതയ്ക്കാൻ വിത്തുനേടാത്തോൻ-വിളവെങ്ങിനെ കൊയ്യി

469 [ടും?

പണ്ടനുഷ്ഠിച്ച ധൎമ്മത്തിൻ-ഫലമിക്കണ്ട ഭാവുകം;
അത്തത്ത്വമറിവോനേവ-നധൎമ്മത്തിന്നൊരുങ്ങിടും?

470

സ്വാൎത്ഥമെന്നുള്ള പേർ നല്കീ-സ്വാൎത്ഥാഭാസത്തി
[നേവനോ?
സാക്ഷാൽ സ്വാൎത്ഥം നരന്നൊന്നു-ധൎമ്മാനുഷ്ഠാനമെന്നി
[യേ?

471

അപേക്ഷിപ്പീല യാതൊന്നു-മാരോടും ധൎമ്മതൽപരൻ;
അന്തരാത്മാവു തോഷിക്കു,-മതിനാൽ ധന്യനാമവൻ.

472

അധൎമ്മംകൊണ്ടു വൎദ്ധിക്കു-മല്പം ചിലരക്ഷണം;
വീഴും തഴുത്തു പെട്ടെന്നാ-വേർമാഞ്ഞടിഞ്ഞ ശാഖികൾ.

473

ധൎമ്മം സർവവുമൊന്നിച്ച–സംഗ്രഹിപ്പതു ദുഷ്കരം;
അതു നാം നേടുകിൽപ്പോരു–മപ്പാപ്പ,മനുവാസരം.

474

ജലബിന്ദുക്കളൊട്ടേറെ–ച്ചേരുന്നതു മഹാൎണ്ണവം;
മൂടണുക്കളെതിർമട്ടിൽ–മേന്മേൽ വാച്ചതു പർവതം.

475

ധൎമ്മവക്താക്കളുണ്ടേറെ–ശ്ശാരാളം പുസ്തകങ്ങളും—
കേൾക്കുവോരും പഠിപ്പോരും;—ക്രിയാവാൻതന്നെ

476 [ദുർല്ലഭൻ.

അധൎമ്മചാരികളുണ്ടാകു–മായിരംപേർ തുരുക്കളായ്;
അല്ലെങ്കിലാക്കുന്നാൻ വേണ്ടു–മാലംബം താഴെ വീഴവാൻ?

477

ഇരിക്കാമന്യമാം ലോക–മില്ലാതെയുമിരുന്നിടാം;
ഇപ്പാഞ്ഞാൽ ധാൎമ്മികന്നെന്താ–ണിരുന്നാൽപ്പുറ്റി

[പാതകി;

478

അതിനാൽ നാം ഭുജിക്കേണ്ണ–മൈഹികം സുഖമാവതും,
പാരത്രികസുഖത്തിന്നു–ഭംഗം പറ്റാത്ത രീതിയിൽ.

(യുഗ്മകം)

479

സാധുക്കൾ ധൎമ്മപോതത്തിൽ–സംസാരാബ്ധി കടക്കവേ
അധൎമ്മശില വക്ഷസ്സി–ലാന്നു താഴുന്നു പാപികൾ.

480

അന്ധൻ പഠിത്തമില്ലാത്തോൻ;–ശഠൻ ദാനപരാങ്മു

[ഖൻ;

മൂതൻ സൽകീൎത്തിനേടാത്തോൻ;–ശോച്യൻ ധൎമ്മവിവർ

[ജിതൻ.

---

# 25. കാലാവലോകനപദ്ധതി.

481

കാണ്മോളമത്ഭുതം മേന്മേൽ-കാലചക്രപ്രവൎത്തനം;
ഈ യന്ത്രത്തിൽക്കാണേണ്ടേണ-മീശ്വരലീലകളെപ്പോഴും.

482

ഇന്നലെക്കണ്ട പാത്തട്ട-ല്ലിന്നു കാണുന്നതേവനും;
നാളെ മറെറാന്നു കണ്ടീടും;-നാളും മറ്റൊന്നടുത്തനാൾ.

483

സനാതനങ്ങൾ സത്യാദി-ധൎമ്മങ്ങളവികാരികൾ;—
മററുള്ളതെല്ലാമന്നന്ന-മാറും കാലാനുകൂലമായ്.

484

ഭാരതോർവിയെയും കാണാം-പരിവൃത്തിക്കധീനയായ്;
മനുവിൻ ഭാരതം മാറി-മറെറാന്നായ് നവ്യഭാരതം.

485

പരസ്സഹസ്രം ദിവ്യന്മാർ-പണ്ടീ രാജ്യത്തിൽ വാണപ്പോൾ
തത്ത്വമസ്യാദിരത്നങ്ങൾ-ദാനംചെയ്തു തപോധനർ.

486

അനുഗ്രഹിപ്പൂ ലോകത്തെ-യമ്മഹാത്മാക്കളിപ്പൊഴും,
അനശ്വരയശഃകായ-രസ്മൽ പൂർവപിതാമഹർ.

487

ഇന്നുമുണ്ടത്തരത്തിങ്ക-ലിൻഡ്യയ്ക്കുത്തമരാം സുതർ;
ഇദാനീന്തനമാർഗ്ഗത്തി-ലിവരും ലോകസേവകർ.

488

ഇത്തിൾക്കണ്ണിയകറ്റീടു-മിവർ വൃക്ഷം തഴയ്ക്കുവാൻ;
കള കൈയാൽപ്പറിച്ചീടും-കണ്ടത്തിൽ കതിർവായ്ക്കുവാൻ.

489

തിടമ്പുടയ്ക്കില്ലിബ്ഭക്തർ,-തെല്ലുമെന്മേൽ മിനക്കിടും;
നശിപ്പിക്കി,ല്ലതിന്നേകും-നവീകരണസംസ്കൃതി.

490

പരമാർത്ഥം നിരൂപിച്ചാൽ-പണ്ടിരുന്ന മുനീന്ദ്രരും
പരിഷ്കരിക്കതാൻ ചെയ്തു-ഭാരതക്ഷിതിദേവിയെ.

491

ആ നിസ്പൃഹർ കൊതിച്ചാര-ല്ലാചന്ദ്രാർക്കം,മഹന്നിജം
തങ്ങൾക്കു ദാസരായ്ത്തന്നെ-സന്താനങ്ങൾ പുലർന്നിടാൻ.

492

മാർഗ്ഗദർശികളായുള്ള-മണിദീപങ്ങൾ നമ്മളെ
കൽത്തുറുങ്കിലടച്ചിട്ടു-ഗാട്ടുന്നില്ലില്ല, നിർണ്ണയം.

493

പരരെല്ലാം വിമാനത്തിൽ-പ്പറക്കമിത്തനാളിലും
പതുക്കെയിഴയുന്നു നാം-പണ്ടത്തെ മട്ടി,ലൊച്ചുകൾ.

494

കണ്ണൻചിരട്ടയിൽപ്പൂഴി-ക്കൈ രണ്ടുംകൊണ്ടു വാരി നാം;
അയ്യോ! കാലപ്രവാഹത്തി-ലണകെട്ടുന്നു മേല്ക്കുമേൽ.

495

പാലിക്കുകൊള്ളണം നമ്മൾ-പണ്ടത്തെ നന്മയൊക്കെയും;
തീരെത്തള്ളുകയും വേണം-തിന്മയുള്ളതശേഷവും.

496

എങ്ങുനിന്നും ഗ്രഹിച്ചീടാ-മേവർക്കും, ഗ്രാഹ്യമെപ്പൊഴും;
താണുള്ള ഖനി തന്നാലും-താണതാവില്ല ഹീരകം.

497

സ്വബുദ്ധികൊണ്ടു ചിന്തിക്കാം;-സ്വാതന്ത്ര്യത്തെ വരിച്ചി
[ടാം;
സ്വാശ്രയത്തിൽപ്പുലർന്നീടാം;-സ്വാദെന്തുണ്ടതിനൊപ്പ
[മായ്?

498

അടിച്ചവഴിയേ പോകാ-നാട്ടും തേടുന്ന പാടവം!
പുത്തൻ വഴി തുറക്കുന്നൂ-പുമാൻ പൂജാർഹജീവിതൻ.

499

ഹസിക്കുമാദ്യം സാമാന്യ-രാക്ഷേപിക്കുമനന്തരം;
അനുതാപാർത്തരാം പിന്നേ;-യാരാധിക്കുമൊടുക്കമായ്.

500

കാലോചിതങ്ങളായുള്ള-കൈങ്കര്യങ്ങൾക്കു ഞങ്ങളെ
അനുശാസിച്ചുകൊണ്ടാലു-മമ്മേ! ഭാരതമേദിനി!

---

O32D
176561
O32:1M77:16
115
...AL LIBRARIES 7 DEC 1956 UNIVERSITY OF MADRAS
UNIVERSITY LIBRARY 3 Nov. 1956 MADRAS

# ശുദ്ധിപത്രം

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 9. | 15. | ക്രൂട്ടത്തി. | ക്രൂട്ടിത്ത. |
| 18. | 9. | നേകന്നു. | നേക്കുന്നു. |
| ,, | 12. | ലെ് കാ. | ല്കൊ. |
| 24. | 16. | വഴിക്കൊത്താ. | വഴിക്കെത്താ. |
| 37. | 4. | വപു,സ്സിശ. | വപു,സ്സാശ. |
| 41. | 10. | ലാന്നിടൊ. | ലാന്നീടൊ. |
| 44. | 16. | മാനിച്ചിടാ. | മാനിച്ചീടാ. |
| 56. | 5. | വ്യധിയും. | വ്യാധിയും. |
| 57. | 14. | വില്ലല്ല. | വില്ല. |

## മഹാകവി ഉള്ളൂരിന്റെ ചില ഇതരകൃതികൾ.

---

| | രൂ. | ണ. | സ. |
|---|---|---|---|
| ഉമാകേരളം | 2 | 4 | 0 |
| അമൃതധാര | 1 | 9 | 0 |
| തരംഗിണി | 1 | 4 | 0 |
| പിങ്ഗള | 0 | 15 | 0 |
| രത്നമാല | 1 | 8 | 0 |
| ദീപാവലി | 0 | 12 | 0 |
| ശരണോപഹാരം | 0 | 6 | 0 |
| ഭാഷാചമ്പുക്കൾ | 2 | 13 | 0 |
| കല്പശാഖി | 1 | 14 | 0 |
| ചൈത്രപ്രഭാവം | 0 | 5 | 0 |
| മാതൃകാജീവിതങ്ങൾ | 0 | 5 | 0 |
| വിജ്ഞാനദീപിക II-IV (ഓരോന്നിനും) | 2 | 3 | 0 |
| ടി മൂന്നാം ഭാഗം | 2 | 4 | 0 |
| അംബ (ഒരു ഗദ്യനാടകം) | 2 | 4 | 0 |
| മംഗളമഞ്ജരി | 0 | 10 | 0 |

| | ബ്രി. രൂ. | ച. | കാ. |
|---|---|---|---|
| പദ്യമഞ്ജരി 1-ം, 2-ം, 4-ം ഭാഗങ്ങൾ | 0 | 4 | വീതം |
| ടി 3-ാം ഭാഗം | 0 | 6 | 0 |
| ടി 5-ാം ഭാഗം | 0 | 12 | 8 |
| ടി 6-ാം ഭാഗം | 0 | 15 | 0 |
| ടി 7-ാം ഭാഗം | 0 | 26 | 4 |

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ആർ. ററി. പിള്ള ആൻഡ് സൺസ്,

ബുക്ക് സെല്ലർസ്, ചാല, തിരുവനന്തപുരം.

186